| 2011 ഖുത്ബ നമ്പർ-01 |
|---|

بسم الله الرحمن الرحيم

07.01.2011
ബൈതുൽ ഫുതൂഹ്
ലണ്ടൻ

# വഖ്ഫ് ജദീദ് : നവ വർഷ വിളമ്പരം

وَمَثَلُ الَّذِيْنَ يُنْفِقُوْنَ اَمْوَالَهُمُ ابْتِغَآءَ مَرْضَاتِ اللّٰهِ وَ تَثْبِيْتًا مِّنْ اَنْفُسِهِمْ كَمَثَلِ جَنَّةٍۭ بِرَبْوَةٍ اَصَابَهَا وَابِلٌ فَاٰتَتْ اُكُلَهَا ضِعْفَيْنِ ۚ فَاِنْ لَّمْ يُصِبْهَا وَابِلٌ فَطَلٌّ ؕ وَاللّٰهُ بِمَا تَعْمَلُوْنَ بَصِيْرٌ ﴿٢٦٦﴾

അല്ലാഹുവിന്റെ തൃപ്തി കാംക്ഷിച്ചും തങ്ങളുടെ ആത്മാക്കളെ ദൃഢപ്പെടുത്തിയുംകൊണ്ട് തങ്ങളുടെ ധനം ചെലവു ചെയ്യുന്നവരുടെ നില പീഠഭൂമിയിലുള്ള ഒരു തോട്ടത്തിന്റെത് പോലെയാണ്. അതിന് കനത്ത മഴ കിട്ടി. അങ്ങനെ അത് അതിന്റെ ഫലം ഇരട്ടിയായി നൽകി. ഇനി അതിന് സമൃദ്ധമായ മഴ ലഭിച്ചില്ലെങ്കിൽ (തന്നെയും) ലഘുവായ മഴയായാലും (അതിനു മതിയാവും). അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നത് നല്ലപോലെ കണ്ടുകൊണ്ടിരിക്കുന്നവനാണ്. (2:266)

അഹ്മദിയ്യാ ജമാഅത്തിനെ മനസ്സിലാക്കി ലോകത്ത് ജീവിക്കുന്ന അഹ്മദികളോരോരുത്തരും ഹദ്റത്ത് മുഹമ്മദ് മുസ്തഫാ ﷺ തിരുമേനിയിൽ വിശുദ്ധഖുർആന്റെ രൂപത്തിൽ അവതരിക്കപ്പെട്ട അവസാന ശരീഅത്തിൽ ഗ്രന്ഥത്തിൽ വിശ്വസിക്കുന്നവരാണ്. അതിലെ ഓരോ കൽപനയും അനുസരിച്ച് പ്രവർത്തിക്കേണ്ടതാണെന്നും അപ്പോൾ മാത്രമേ ഒരു വിശ്വാസി യഥാർത്ഥ വിശ്വാസിയായിത്തീരുകയുള്ളൂ എന്നും അവർ മനസ്സിലാക്കുന്നു. അല്ലാഹുവിന്റെ മാർഗത്തിൽ ധന ത്യാഗം ചെയ്യുക എന്നത് അല്ലാഹുവിന്റെ സുപ്രധാന കൽപനകളിൽ പെട്ട ഒരു കൽപനയാണ്. സൂറത്തുൽ ബക്കറയിലെ പ്രാരംഭ വചനങ്ങളിൽ തന്നെ ഇതു സംബന്ധമായി പരാമർശമുണ്ട്. വിശുദ്ധ ഖുർആൻ മുത്തഖീങ്ങൾക്ക് ഹിദായത്തിനുള്ള മാർഗമാണ്. അതായത് **യുഅ്മിനൂന ബിൽഗൈബ്** അദൃശ്യകാര്യങ്ങളിൽ വിശ്വസിക്കുന്നവരും **വയുഖീമൂനസ്സ്വലാത്ത** നമസ്ക്കാരം നിലനിറുത്തുന്നവരും **വമിമ്മാ റസഖ്നാഹും യുൻഫിഖൂൻ** നാം നൽകിയതിൽ നിന്ന് ചെലവഴിക്കുകയും ചെയ്യുന്ന മുത്തഖീംങ്ങൾക്ക്.

ചുരുക്കത്തിൽ മുത്തഖി ആയിത്തീരാനും വിശുദ്ധ ഖുർആനിൽ നിന്ന് ഹിദായത്ത് കരസ്ഥമാക്കാനും ഈ മൂന്ന് കാര്യങ്ങൾ അനിവാര്യമാണ്. അതിൽ ഒന്ന്, ഞാൻ പറഞ്ഞത്പോലെ അല്ലാഹുവിന്റെ മാർഗത്തിൽ ചെലവു ചെയ്യുക എന്നതാണ്. സൂറത്തുൽ ബഖറയിൽ തന്നെ വിവിധസ്ഥലങ്ങളിൽ വിവിധ രീതിയിൽ അല്ലാഹുവിന്റെ മാർഗത്തിൽ ചെലവു ചെയ്യുന്നതിനെക്കുറിച്ച് വിവിധ പശ്ചാത്തലങ്ങൾ വിവരിച്ചുകൊണ്ട് അല്ലാഹു പറയുന്നുണ്ട്. അതെപോലെ മറ്റു പല സ്ഥലത്തും അല്ലാഹു നൽകിയതിൽ നിന്ന് ത്യാഗം ചെയ്യാനുള്ള കൽപന കാണാവുന്നതാണ്. അതുകൊണ്ട് ഒരു അഹ്മദി മുസൽമാൻ ധനത്യാഗത്തിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞവനാണ്. ഈ അധ്യാപനമനുസരിച്ച് ത്യാഗങ്ങൾ സമർപ്പിച്ചുകൊണ്ട് അല്ലാഹുവിന്റെ അതിരറ്റ അനുഗ്രഹത്തിന് നേരിട്ട് പാത്രമായിത്തീരുമ്പോൾ ഈ ധനത്യാഗത്തിൽ വിശ്വാസവും ദൃഢജ്ഞാനവും വർദ്ധിക്കുകയും അല്ലാഹുവിന്റെ അസ്ഥിത്വത്തിലും ഇസ്‌ലാമിന്റെ സത്യത്തിലും ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ സത്യസാക്ഷ്യത്തിലും അവനുള്ള ദൃഢവിശ്വാസം ഒന്നുകൂടി ശക്തി പ്രാപിക്കുകയും ചെയ്യുന്നു.

ഞാൻ ഓതിക്കേൾപ്പിച്ച ആയത്തിലും ദൈവമാർഗത്തിൽ ധനം ത്യാഗം ചെയ്യുന്നതിനെക്കുറിച്ചാണ് പറയുന്നത്. അല്ലാഹുവിന്റെ മാർഗത്തിൽ ധനം ചെലവുചെയ്യുന്നവർ തങ്ങളുടെ പൊങ്ങച്ചം കാണിക്കാനോ മറ്റുള്ളവരിൽ വല്ല ഉപകാരം ചെയ്യാനോ ചെലവു ചെയ്തതിനുശേഷം ഉപകാരം എടുത്ത് പറഞ്ഞ് വേദനിപ്പിക്കാനോ അല്ല. മറിച്ച് അവർ അല്ലാഹു തആലായുടെ പ്രീതി കരസ്ഥമാക്കുന്നതിന് വേണ്ടി മാത്രമാണ് ചെലവുചെയ്യുന്നത്. തങ്ങളിലുള്ള ബലഹീനരെ ശക്തിപ്പെടുത്താനും ജമാഅത്തിനെ ശക്തിപ്പെടുത്തുന്നതിനും തങ്ങളുടെ വിശ്വാസത്തെ ദൃഢപ്പെടുത്താനുമാണ് അവർ ധനം ചെലവു ചെയ്യുന്നത്.

അല്ലാഹുവിന്റ പ്രീതി കാംക്ഷിക്കലും തങ്ങളിലുള്ളവരെ സുദൃഢരാക്കുവാനുള്ള ആഗ്രഹം മനസ്സിൽ വെക്കലും എല്ലാം സദ്പ്രകൃതക്കാരായ ഓരോരുത്തരും ആഗ്രഹിക്കുന്നതാണ്. എന്നാൽ ദുശ്പ്രകൃതക്കാർക്ക് ഈ ഒരാഗ്രഹം ഉണ്ടായിരിക്കില്ല. സ്വന്തം കാര്യത്തെവിട്ട് ഉന്നതചിന്ത വെച്ചുപുലർത്തുന്നവരാണ് ഇങ്ങനെ ചിന്തിക്കുക. സ്വന്തം കാര്യത്തിനുപരിയായി ചിന്തിക്കുകയും അല്ലാഹുവിന്റെ പ്രീതി ആഗ്രഹിക്കുകയും ചെയ്യുന്നവരുടെ ധനത്യാഗം ഒരിക്കലും തങ്ങളുടെ പൊങ്ങച്ചം പ്രകടിപ്പിക്കാനാകില്ല. അതല്ലെങ്കിൽ മറ്റുള്ളവരിൽ ഞങ്ങൾ വല്ല ഉപകാരവും ചെയ്തെന്ന് കാണിക്കാനോ ചെയ്ത ഉപകാരം എടുത്ത്പറഞ്ഞ് വേദനിപ്പിക്കാനോ ആയിരിക്കില്ല. ഈ ധനത്യാഗത്തിൽ ധനികന്മാർ മാത്രല്ല പങ്കാളികളാകുന്നത്, ദരിദ്രരും പങ്കാളികളാകുന്നു. ദരിദ്രരും ദൈവപ്രീതി ആഗ്രഹിക്കുന്നവരാണ്. മാത്രമല്ല സമ്പന്നരേക്കാളും ദൈവപ്രീതി ലഭിക്കണമെന്ന ആഗ്രഹമുള്ളവർ ദരിദ്രരായിരിക്കും. പ്രവാചകന്മാരുടെ ജമാഅത്തിൽ ഭൂരിപക്ഷം അംഗങ്ങളും ദരിദ്രരായിരിക്കും. ദരിദ്രരായിരുന്നിട്ടുകൂടി തങ്ങളുടെ സഹോദരന്മാരെ കഴിയുന്നത്ര അവർ സഹായിക്കുന്നു. അവർക്ക് കഴിയുന്ന ത്യാഗം ചെയ്ത് ജമാഅത്തിനെ സഹായിക്കുകയും ചെയ്യുന്നു. അതിനെ ശക്തിപ്പെടുത്താൻ അവർ ശ്രമിക്കുന്നു.

ഓരോ വ്യക്തികളേയും ശക്തിപ്പെടുത്താനുള്ള തീവ്രമായ ശ്രമം നടന്നതിനുള്ള ഉദാഹരണം നമുക്ക് തിരുസഖാക്കളിൽ മദീന ഹിജ്റത്ത് നടന്ന സന്ദർഭത്തിൽ കാണാവുന്നതാണ്. അൻസാറുകൾ മുഹാജിരീങ്ങളെ സ്വയം പര്യാപ്തരാക്കിത്തീർക്കാനായി അതിമഹത്തായ ത്യാഗങ്ങളാണ് സമർപ്പിച്ചത്. ഇതേപോലെ സമൂഹതലത്തിലും സഹായിച്ച ഉദാഹരണം സഹാബാക്കളിൽ കാണാവുന്നതാണ്. ഏതെങ്കിലും ഒരു പദ്ധതിക്കായ തിരുനബി (സ) ചന്ദഃക്ക് ആഹ്വാനം ചെയ്തപ്പോഴെല്ലാം അവർ അവരുടെ കൈവശമുള്ളതിന്റെ ഏറ്റവും ഉത്തമവിഹിതം അല്ലാഹുവിന്റെ മാർഗത്തിൽ സമർപ്പിച്ചിരുന്നു.

ഈ ആയത്തിൽ അല്ലാഹുവിന്റെ മാർഗത്തിൽ ത്യാഗം ചെയ്യാൻ ധനികരോടും ദരിദ്രരോടും കൽപിക്കുന്നുണ്ട്. ഇരുകൂട്ടരേയും അതിന്നായി പ്രേരിപ്പിച്ചിരിക്കുന്നു. നിങ്ങൾ അല്ലാഹുവിന്റെ

മാർഗത്തിൽ അവരവരുടെ കഴിവും പ്രാപ്തിയും മുന്നിൽവെച്ചുകൊണ്ട് എന്ത് തന്നെ ചെലവഴിച്ചാലും അവർക്ക് അതിന്റെ ഇരട്ടി പ്രതിഫലം ലഭിക്കുന്നതാണ്. ദരിദ്രരെ സമാശ്വസിപ്പിച്ചുകൊണ്ട് പറഞ്ഞത്, അല്ലാഹുവിന്റെ പ്രീതിക്കായി ചെലവഴിക്കുമ്പോൾ തീർച്ചയായും അതിനുള്ള പ്രതിഫലം അല്ലാഹു തരുന്നതാണ് എന്നാണ്. വിശുദ്ധഖുർആനിൽ മറ്റു സ്ഥലങ്ങളിൽ അല്ലാഹു എഴുന്നൂറിരട്ടിയും അതിൽ കൂടുതലും നൽകുന്നതാണെന്ന് പറയുന്നുണ്ട്. വലിയ സംഖ്യകൾ മാത്രമേ സ്വീകരിക്കുകയുള്ളൂ എന്ന നിബന്ധനയൊന്നും ഇവിടെയില്ല. ത്യാഗം ചെയ്യാനുള്ള ആത്മാവിനാണ് സ്ഥാനമുള്ളത്. അല്ലാഹു സ്വീകരിക്കുന്നത് അതാണ്. ഓരോ പ്രവർത്തനത്തിന്റെയും നിയ്യത്തിനെയാണ് അല്ലാഹു സ്വീകരിക്കുന്നത്.

ചിലപ്പോൾ വലിയ ത്യാഗത്തേക്കാളും പ്രത്യക്ഷത്തിൽ ചെറുതെന്ന് തോന്നുന്ന കൊച്ചു കൊച്ചു ത്യാഗങ്ങളായിരിക്കും ഉന്നതസ്ഥാനം കരസ്ഥമാക്കുക. ഒരു ഹദീസിൽ വരുന്നു. തിരുനബി ﷺ അരുളി. ഒരു ദിർഹം ഒരു ലക്ഷം ദിർഹമിനേക്കാളും ഇന്ന് സ്ഥാനം കൈവരിച്ചിരിക്കുന്നു. സഹാബത്ത് ചോദിച്ചു. എങ്ങനെയാണ് ഇത് സംഭവിച്ചത്. അരുളി. ഒരാളുടെ പക്കൽ ആകെ രണ്ട് ദിർഹമാണ് ഉണ്ടായിരുന്നത്. അതിൽ നിന്നും ഒരു ദിർഹം അദ്ദേഹം അല്ലാഹുവിന്റെ മാർഗത്തിൽ നൽകി. എന്നാൽ മറ്റൊരാളുടെ പക്കൽ ഇഷ്ടം പോലെ ധനവും സമ്പത്തും എല്ലാം ഉണ്ടായിരുന്നു. അദ്ദേഹം അതിൽ നിന്നും ഒരു ലക്ഷം ദിർഹം ത്യാഗം ചെയ്തു. അദ്ദേഹത്തിന്റെ സമ്പത്ത് വെച്ച് നോക്കുമ്പോൾ അത് വളരെ കുറവാണ്, നൽകിയത് വലിയ സംഖ്യയാണെങ്കിലും ശരി.

ചുരുക്കത്തിൽ അല്ലാഹുവിന്റെ മുമ്പിൽ ത്യാഗം അളക്കപ്പെടുന്നത് അത് ചെയ്യുന്ന വ്യക്തിയുടെ വികാരം, അനുപാദം എന്നിവ മുഖേനയാണ്. എത്ര നൽകി എന്നതല്ല. അല്ലാഹുതആല ഇവിടെ ദരിദ്രരെ സമാശ്വസിപ്പിച്ചുകൊണ്ട് പറയുന്നു. ചെറിയ ഒരു ചാറ്റൽ മഴ തന്നെ തോട്ടത്തെ ഫലങ്ങളെക്കൊണ്ട് നിറക്കുന്നു. ഇതേപോലെ നിങ്ങളുടെ കഴിവനുസരിച്ച് സതുദ്ദേശത്തോടുകൂടി ചെയ്യപ്പെടുന്ന ചെറിയ ത്യാഗങ്ങൾ പോലും അല്ലാഹുവിന്റെ സവിധത്തിൽ സ്വീകാര്യയോഗ്യമാവുകയും വലിയ ത്യാഗം ചെയ്യുന്നവരുടെ ഗണത്തിൽ നിങ്ങളെയും ഉൾപ്പെടുത്തുന്നതുമായിരിക്കും. ഞാൻ കേൾപ്പിച്ച ഉദാഹരണത്തിൽ നിന്നും വ്യക്തമാകുന്നതുപോലെ. ചിലപ്പോൾ അതിനെക്കാളും ഉയർന്ന പദവിയിൽ എത്തിക്കുകയും ചെയ്യുന്നു. ഈ ആയത്തിൽ തുടർന്ന് അല്ലാഹു പറയുന്നു.

وَاللّٰهُ بِمَا تَعْمَلُوْنَ بَصِيْرٌ നിങ്ങൾ പ്രവർത്തിക്കുന്നത് അല്ലാഹു കാണുന്നുണ്ട്. ഇതുപറഞ്ഞ് കൊണ്ട് അല്ലാഹു പറയുന്നത്, അവൻ ഹൃദയത്തിലെ അവസ്ഥ അറിയുന്നവനാണെന്നാണ്. നിങ്ങളുടെ വികാരത്തെ അവൻ അറിയുന്നു. നിങ്ങൾ ത്യാഗം ചെയ്യുന്ന ആ ആത്മാവിനെ അവനറിയുന്നു. അതുകൊണ്ട് അല്ലാഹു നൽകുന്ന പ്രതിഫലം നിയ്യത്തുകളുടെ അടിസ്ഥാനത്തിലും ഹൃദയത്തിന്റെ അവസ്ഥയും പരിഗണിച്ചുകൊണ്ടായിരിക്കും. അല്ലാഹു നിങ്ങളുടെ സാമ്പത്തിക അവസ്ഥ നന്നായറിയുന്നവനാണ്. നിങ്ങൾ ചെയ്യുന്ന ത്യാഗത്തിന്റെ നിലവാരം അനുസരിച്ചായിരിക്കും പ്രതിഫലവും ലഭിക്കുന്നത്. അതിനാൽ ത്യാഗങ്ങളുടെ സ്വീകാര്യത, നിയ്യത്തും അത് ചെയ്യുന്ന ആത്മാവും അനുസരിച്ചായിരിക്കും.

ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ കാലത്ത് ധനത്യാഗത്തിന് ആഹ്വാനം ചെയ്യുമ്പോൾ ധനവാന്മാരും ദരിദ്രരും അവരവരുടെ കഴിവനുസരിച്ച് ധനത്യാഗങ്ങൾ ചെയ്തിരുന്നു. അദ്ദേഹത്തെ അംഗീകരിക്കുന്നവരിൽ അധികവും ദരിദ്രരായിരുന്നു. അവരുടെ ത്യാഗങ്ങൾ സംഖ്യയിൽ നോക്കിയാൽ വളരെ തുച്ഛമായിരിക്കും. എന്നാൽ ഈ ചാറ്റൽ മഴയും ഫലപ്രദമാകുകയും ആ ത്യാഗങ്ങൾ മുഖേന അവർക്ക് ഫലങ്ങൾ വളരെയധികം ലഭിക്കുകയും ആ ഫലങ്ങൾ അവരും സന്താനങ്ങൾ ഇന്ന് അനുഭവിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു.

അവരുടെ മക്കളിൽ ചിലർ ഇക്കാലത്ത് വലിയ ധനവാന്മാരായിട്ടുണ്ട്. അവർ തങ്ങളുടെ ത്യാഗങ്ങളെ ശക്തമായ പേമാരി കണക്കെ പുഷ്ഠിപ്പെടുത്തേണ്ടത് അവരുടെ ഉത്തരവാദിത്വമാണ്. അപ്പോൾ മാത്രമേ അവരുടേയും അവരുടെ മക്കളുടേയും തോട്ടം എന്നെന്നും പച്ചളിപ്പുള്ളതായി നിലനിൽക്കുകയുള്ളൂ. ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ഒരു രൂപ ത്യാഗം ചെയ്തവരുടെ പേര് പോലും തന്റെ ഗ്രന്ഥത്തിൽ എഴുതിയിട്ടുണ്ട്. അത് വളരെ നിസ്സാരമായ സംഖ്യയായിരുന്നു. എന്നാൽ അവർ ഓരോ മാസവും ഒരു രൂപ നൽകുമെന്ന് തങ്ങളിൽ നിർബന്ധമാക്കുകയുണ്ടായി.

ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ സഹാബത്ത് ഏതെല്ലാം രീതിയിലാണ് ത്യാഗം ചെയ്തിരുന്നതെന്നതിന് ഒരു ഉദാഹരണം ഞാൻ കേൾപ്പിക്കാം. വില്ലേജ് റജിസ്ട്രാർ ആയിരുന്ന ചൗധരി അബ്ദുൽ അസീസ് സാഹിബിനെക്കുറിച്ച്, ഖാസി മുഹമ്മദ് യൂസുഫ് സാഹിബ് പിശാവരി പറയുന്നു. ''ഗുർദാസ്പൂരിൽ വെച്ച് ഹ: മസീഹ് മൗഊദ് عليه السلام ധനത്യാഗം ചെയ്യാൻ ആഹ്വാനം ചെയ്തു. ചൗധരി അബ്ദുൽ അസീസ് സാഹിബ് വന്ന് ഹുസൂറിന്റെ സമക്ഷം 100 രൂപ വെള്ളി നാണയങ്ങൾ സമർപ്പിച്ചു. എന്നിട്ട് പറഞ്ഞത് ഹുസൂർ എന്റെ പക്കൽ ഇത്രയെ ഉള്ളൂ, അത് ഞാൻ കൊണ്ടുവന്നിരിക്കുന്നു.'' ഖാസി സാഹിബ് പറയുകയാണ്. ''ആ വില്ലേജ് റജിസ്ട്രാറുടെ ഈ ത്യാഗത്തിൽ ഞാൻ അത്ഭുതപ്പെട്ടുപോയി. കാരണം അദ്ദേഹത്തിന് ശമ്പളമായി ഒരു മാസം ലഭിക്കുന്നത് ആറ് രൂപയാണ്. അദ്ദേഹം എന്തൊരു ആത്മാർത്ഥതയോടുകൂടിയാണ് ത്യാഗം ചെയ്തിരിക്കുന്നത്.'' ഖാസി സാഹിബ് തുടർന്നെഴുതുന്നു. ''അല്ലാഹുതആല അദ്ദേഹത്തിന്റെ ആത്മാർത്ഥത കാരണം അദ്ദേഹത്തിൽ വലിയ വലിയ അനുഗ്രഹങ്ങൾ ചൊരിയുകയുണ്ടായി.''

ഒരു കാര്യം വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ സഹാബത്തിൽ തഖ്‌വ നിറഞ്ഞിരുന്നു. അവർ തഖ്‌വയിൽ മുന്നേറിയവരായിരുന്നു. അവർ ആ മഹാത്മാവിൽ നിന്നും നേരിട്ട് അനുഗ്രഹം കരസ്ഥമാക്കിയവരായിരുന്നത് കൊണ്ട് തഖ്‌വയിൽ ഉന്നതസ്ഥാനം കരസ്ഥമാക്കിയവരായി മാറി. ചൗധരി സാഹിബ് മറ്റ് വില്ലേജ് റജിസ്ട്രാർമാരെപ്പോലെ ആയിരുന്നില്ല. തഖ്‌വയുള്ള ആളായിരുന്നു. നമ്മുടെ നാട്ടിൽ റജിസ്ട്രാർമാരെക്കുറിച്ച് പറയാറുള്ളത് അവരുടെ ശമ്പളം കുറവാണെങ്കിലും അവരുടെ മറ്റുവരുമാനങ്ങൾ (കിമ്പളം) വളരെ കൂടുതലായിരിക്കുമെന്നാണ്. ഭൂഉടമകളോട് പലരീതിയിലും പലതും വസൂലാക്കിക്കൊണ്ടിരിക്കും. അവരിൽ ചിലർ റിട്ടയറാകുമ്പോൾ സമ്പന്നരും ഏക്കർ കണക്കിന് സ്വത്തിന്റെ ഉടമസ്ഥരും എത്രമാത്രമെന്നാൽ നൂറ് നൂറ് ഏക്കറിന്റെ ഉടമസ്ഥർപോലും ആകാറുണ്ട്.

എനിക്കോർമ വരുന്നു. എന്റെ കൂടെ വില്ലേജ് റജിസ്ട്രാറുടെ ഒരു മകൻ സ്കൂളിൽ പഠിക്കുന്നുണ്ടായിരുന്നു. അവന്റെ നടപ്പും ജീവിതനിലവാരവും വസ്ത്രവും ആയിരങ്ങൾ സമ്പാദിക്കുന്നവർക്ക്പോലും വാങ്ങാൻ കഴിയാതത്ര ഉന്നതനിലവാരത്തിലുള്ളതായിരുന്നു. അവൻ പറയാറുള്ളത് എന്റെ ഉപ്പാന്റെ ശമ്പളം മാസം 45 രൂപയാണ്. എന്നാൽ അല്ലാഹുവിന്റെ വലിയ ഫള്ലാണ്. ഇവിടെ അല്ലാഹുവിന്റെ ഫള്ലിന്റെ നിലവാരം തന്നെ മാറിമറിഞ്ഞിരിക്കുന്നു. തെറ്റായ വരുമാനം അല്ലാഹുവിന്റെ ഫള്ലായിത്തീരുന്നു. എന്നാൽ അനുവദനീയമായ വരുമാനം ഗവർമെന്റ് നൽകുന്ന ശമ്പളവും.

ഹദ്റത്ത് മസീഹ് മൗഊദ് عليه السلام വന്ന് അല്ലാഹുവിന്റെ ശരിക്കുള്ള ഫള്ൽ എന്താണെന്ന് നമുക്ക് പഠിപ്പിച്ചുതന്നു. എന്നാൽ ഇന്നും ജനങ്ങൾ പറയുന്നത് ഞങ്ങൾക്ക് ഒരു മഹ്ദിയുടേയും മസീഹിന്റെയും ആവശ്യമില്ല എന്നാണ്. ഞങ്ങൾക്ക് ഒരു പരിഷ്കർത്താവിന്റെയും ആവശ്യമില്ലെന്നും പറയുന്നു. ഇതിന്റെ എല്ലാം ആവശ്യമുണ്ടെന്ന് ഇവർ അംഗീകരിക്കുകയും സ്വീകരിക്കേണ്ട വ്യക്തിയെ സ്വീകരിക്കുകയും ചെയ്താൽ

മാത്രമേ അല്ലാഹുവിന്റെ ഫള്ൽ എന്താണെന്നും അതെങ്ങനെയാണ് ഇറങ്ങുന്നതെന്നും മനസ്സിലാകുകയുള്ളൂ.

അല്ലാഹുവിന്റെ മാർഗത്തിൽ ഏതുതരം ത്യാഗം ചെയ്യാനും അതിന്റെ ഫലമായി അല്ലാഹുവിന്റെ ഫള്ൽ ഏതുരീതിയിൽ ഇറങ്ങുന്നു എന്നും അഹ്മദികൾക്കെ അറിയുകയുള്ളൂ. ശക്തമായ മഴയായാലും ചാറ്റൽ മഴ ആയാലും, ധനവാനായാലും ദരിദ്രനായാലും അല്ലാഹുവിന്റെ പ്രീതിക്കായി ചെയ്യുന്ന ത്യാഗങ്ങൾക്ക് ഇരട്ട പ്രതിഫലം ലഭിക്കുന്നതാണ്. ചൗധരി അബ്ദുൽ അസീസ് സാഹിബിനെക്കുറിച്ച് ഖാസി മുഹമ്മദ് യൂസുഫ് സാഹിബ് എഴുതിയതുപോലെ, അല്ലാഹു അദ്ദേഹത്തിന്റെ ഈ ആത്മാർത്ഥതക്ക് അതിരറ്റ ഫലങ്ങളാണ് നൽകിയിരിക്കുന്നത്. അദ്ദേഹത്തിന് ലഭിക്കുന്ന ശമ്പളത്തോടൊപ്പം ഗ്രാമവാസി ആയതുകൊണ്ട് കുറച്ച് ഭൂമിയെല്ലാം അദ്ദേഹത്തിന് സ്വന്തമായി ഉണ്ടായിരിക്കാം. അതിൽ നിന്നും വരുമാനം ലഭിക്കുന്നുണ്ടാകാം. അങ്ങനെ സ്വരുക്കൂട്ടിയ തുകയായിരിക്കാം ഇത്രയും. അവ മുഴുവൻ അദ്ദേഹം മസീഹ് മൗഊദ് عليه السلام ന്റെ തൃപാദങ്ങളിൽ സമർപ്പിക്കുകയാണ് ചെയ്തത്.

അല്ലാഹുവിന് പണത്തിന്റെ ആവശ്യമില്ല. ഈ കാര്യം നാം ഓർത്തിരിക്കണം. അല്ലാഹു ഈ ത്യാഗം ദാസരോട് ആവശ്യപ്പെടുന്നത് അവർക്ക് പ്രതിഫലം നൽകുന്നതിനു വേണ്ടിയാണ്. അല്ലാഹുവിന്റെ പ്രാവാചകന്മാരുടെ അവസ്ഥയും ഇതുതന്നെയായിരിക്കും. ജമാഅത്തിന്റെ ചെലവുകൾ എങ്ങനെ പൂർത്തിയാക്കും എന്ന വ്യസനമൊന്നും അവർക്കുണ്ടാകില്ല. അല്ലാഹു ഒരാളെ അയക്കുമ്പോൾ, അവൻ തന്റെ പ്രവർത്തനം തുടങ്ങുമ്പോൾ അതിന്നാവശ്യമായ മാർഗങ്ങളെയും അവൻതന്നെ ഒരുക്കുന്നു. പ്രവാചകന്മാർ ബാഹ്യമായ രീതിയിൽ പല പദ്ധതികൾക്കും ആഹ്വാനം നടത്താറുണ്ടെന്നത് ശരിതന്നെ. അവർക്ക് ശേഷം ഖലീഫമാരും ആഹ്വാനം ചെയ്യാറുണ്ട്. എന്നാൽ അവരുടെ ആവശ്യങ്ങൾ നിറവേറ്റിക്കൊടുക്കും എന്ന് അല്ലാഹു വാഗ്ദാനം ചെയ്യുന്നു. ഹദ്റത്ത് മസീഹ് മൗഊദ് عليه السلام നോട് ഈ രീതിയിലുള്ള വാഗ്ദാനങ്ങളുണ്ട്. ഈ കാര്യം ഒരു സ്ഥലത്ത് ആ മഹാത്മാവ് പറയുന്നുമുണ്ട്. ജമാഅത്തിന്റെ ചെലവിനുള്ള സംഖ്യ ഇഷ്ടംപോലെ വരുന്നതാണ്. എന്നാൽ ആ സമ്പത്ത്കണ്ട്കൊണ്ട് നിങ്ങൾ ഭൗതികരായി മാറരുത്. വ്യക്തികൾക്കും സാമ്പത്തിക അഭിവൃദ്ധി കൈവരുന്നതാണ്. ജമാഅത്ത് തലത്തിലും സമൃദ്ധി കൈവരിക്കുമെന്ന് സുവാർത്ത അറിയിക്കുന്നു.

ജമാഅത്തിന് സമൃദ്ധി കൈവരുമ്പോൾ ആരുടെ കൈവശമാണോ ഈ സമ്പത്ത് ഏൽപിക്കപ്പെടുന്നത് അവർ ഇത് വളരെ ശ്രദ്ധയോടുകൂടി ചെലവഴിക്കേണ്ടതാണ്. ഒരു രീതിയിലുമുള്ള അനാവശ്യ ചെലവും ചെയ്യരുത്. ഓരോ പൈസയും വളരെ സൂക്ഷിച്ച് ചെലവഴിക്കണം. ദരിദ്രരും ധനവാന്മാരും ത്യാഗം ചെയ്യുന്നു. എന്നാൽ ഇതിനെ സൂക്ഷ്മമായി കൈകാര്യം ചെയ്യേണ്ടത് ഇത് ചെലവഴിക്കാൻ ഏൽപ്പിക്കപ്പെട്ടവരുടെ ഉത്തരവാദിത്വമാണ്. ഇത് വളരെ സുപ്രധാനമായ ഒരു ജോലിയാണ്. ഇവർ ജമാഅത്തിന് വേണ്ടി സേവനം ചെയ്യുന്നതോടൊപ്പം ചെലവഴിക്കുന്നത് ശ്രദ്ധയോടും സൂക്ഷ്മതയോടും കൂടിയാണെങ്കിൽ അല്ലാഹുവിന്റെ പ്രീതിക്ക് ഇവർ പാത്രമായിത്തീരുകയും ചെയ്യുന്നതാണ്.

ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ജമാഅത്തംഗങ്ങളിൽ ഉണ്ടാക്കിയിരിക്കുന്ന ത്യാഗ മനസ്ഥിതി അത് ജമാഅത്തിൽ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. സഹാബാക്കളുടെ ത്യാഗത്തിന്റെ മാതൃക നവാഗതരും നില നിറുത്തിപ്പോരുന്നു. ലോകത്ത് ദൂരദൂര സ്ഥലങ്ങളിൽ എവിടെയെല്ലാം ജമാഅത്ത് സ്ഥാപിക്കപ്പെട്ടിട്ടുണ്ടോ അവർ ദരിദ്രരാണെങ്കിൽപോലും ധനത്യാഗത്തിൽ അവരും പങ്കാളികളാകുന്നു. ചാറ്റൽ മഴകളും ഇവരുടെ ത്യാഗങ്ങളെ ഫലങ്ങളാൽ നിറക്കുന്നു. ശക്തമായ മഴയും ഇവരിൽ ദൃശ്യമാണ്. ശക്തമായ മഴപോലെ ധനത്യാഗരംഗത്ത് ഇവരുടെ കൈകളും വർഷിച്ചുകൊണ്ടേ ഇരിക്കുന്നു. ഇതിന്റെ ഫലമായി അല്ലാഹുവിന്റെ ഫള്ലിന്റെ വർഷം അവരുടെ കച്ചവടത്തേയും ബിസ്സിനസ്സുകളെയും പല മടങ്ങ് വർദ്ധിപ്പിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നുണ്ട്.

ഇതുസംബന്ധമായ ചിലസംഭവങ്ങൾ ഇന്ന് ഞാൻ നിങ്ങളുടെ മുമ്പാകെ വെക്കാൻ ആഗ്രഹിക്കുന്നു. ഇന്ത്യയിൽ നിന്നും നാസിം വഖ്ഫെ ജദീദ് എഴുതുന്നു. കഴിഞ്ഞ വർഷം 2010 ൽ ഗുജറാത്തിൽ സന്ദർശകനായി ഞാൻ പോയപ്പോൾ ഗാന്ധീധാമിലെ ഒരു സുഹൃത്തിന്റെ അടുത്ത് വഖ്ഫെ ജദീദ് ചന്ദ വസൂൽ ചെയ്യാൻ പോയി. ആ സമയത്ത് അദ്ദേഹത്തിന്റെ വഖ്ഫ് ജദീദ് ചന്ദ പതിമൂവ്വായിരം രൂപയായിരുന്നു. അദ്ദേഹത്തിന്റെ സാമ്പത്തിക അവസ്ഥ എനിക്കറിയാമായിരുന്നു. അദ്ദേഹത്തോട് ഞാൻ പറഞ്ഞു. അല്ലാഹു താങ്കൾക്ക് വളരെയധികം കനിഞ്ഞരുളിയിട്ടുണ്ട്. അതുകൊണ്ട് താങ്കളുടെ വാഗ്ദാനം അമ്പതിനായിരം ആക്കി വർദ്ധിപ്പിക്കുക. ഉടനെ അദ്ദേഹം അമ്പത്തി അയ്യായിരത്തിന്റെ ചെക്ക് എഴുതിത്തരികയും ചെയ്തു. എന്നിട്ട് പറഞ്ഞു. എനിക്ക് വേണ്ടി ദുആ ചെയ്യണം. എന്റെ ബിസ്സിനസ്സിൽ ഇരുപത്തിഒന്ന് ലക്ഷം രൂപ കുടുങ്ങിക്കിടക്കുകയാണ്. അത് കിട്ടുമെന്ന ഒരു പ്രതീക്ഷയുമില്ല. എന്നാൽ അല്ലാഹു തആല അദ്ദേഹത്തിൽ കൃപ ചൊരിയുകയും രണ്ട് നാല് ദിവസത്തിന് ശേഷം തടയപ്പെട്ടിരുന്ന സംഖ്യ (21 ലക്ഷം രൂപ ) അതിന്റെ ആളുകൾ വന്ന് അദ്ദേഹത്തെ ഏൽപിക്കുകയും ചെയ്തു.

ഇൻസ്പെക്ടർ വഖ്ഫ് ജദീദ് എഴുതുന്നു. തമിഴ്നാട്ടിലെ കോയമ്പത്തൂർ ജമാഅത്തിലെ ഒരു ആത്മാർത്ഥ സുഹൃത്ത് പത്ത് വർഷം മുമ്പാണ് ബൈഅത്ത് ചെയ്തത്. വഖ്ഫ് ജദീദിന്റെ പ്രാധാന്യത്തെക്കുറിച്ച് അദ്ദേഹത്തെ ബോധവൽക്കരിക്കുകയും താങ്കൾക്ക് നല്ല വരുമാനമുള്ളതുകൊണ്ട് മുപ്പതിനായിരം രൂപ താങ്കളുടെ വാഗ്ദാനം എഴുതിപ്പിക്കുക എന്ന് അപേക്ഷിക്കുകയും ചെയ്തു. അദ്ദേഹം പറഞ്ഞു. മൗലവി സാഹിബ് നിങ്ങൾ പറഞ്ഞതെല്ലാം ഞാൻ കേട്ടു. ഞാൻ മുപ്പതല്ല അമ്പതിനായിരത്തിന്റെ വാഗ്ദാനം നൽകുന്നു. അപ്പോൾ ഞാൻ പറഞ്ഞു. ഇത് നിങ്ങളുടെ കഴിവിന്നധികമായിരിക്കുമെന്നാണ് ഞാൻ കരുതുന്നത്. അദ്ദേഹം പറഞ്ഞു. അല്ലാഹുവിന്ന് വേണ്ടിയാണ് നൽകുന്നത്. അതുകൊണ്ട് താങ്കളെന്തിനാണ് വിഷമിക്കുന്നത്. എനിക്കെത്ര കഴിവുണ്ടെന്നും അല്ലാഹു എനിക്ക് എത്രമാത്രം നൽകുന്നുണ്ടെന്നും എനിക്കറിയാം. പിന്നീട് റമദാൻ മാസത്തിൽ അദ്ദേഹം ആ തുക അടച്ചുതീർക്കുകയും ചെയ്തു. അദ്ദേഹം പിന്നീട് പറഞ്ഞത് ഇപ്പോൾ എന്റെ വരുമാനം വളരെയധികം വർദ്ധിച്ചിരിക്കുന്നു. അതിനാൽ അടുത്ത വർഷത്തേക്കായി തഹ്രീക് ജദീദിന്റെയും വഖ്ഫ് ജദീദിന്റെയും വാഗ്ദാനം ഓരോ ലക്ഷമാക്കി വർദ്ധിപ്പിക്കുന്നു.

പശ്ചിമ ബംഗാളിലെ വഖ്ഫ് ജദീദ് ഇൻസ്പെക്ടർ ശൈഖ് മുഹമ്മദ് ദാവൂദ് എഴുതുന്നു. മദ്രസ്സയിൽ പഠിപ്പിച്ചിരുന്ന ഒരു നവ അഹ്മദിയുണ്ട്. പിന്നീട് അദ്ദേഹം മുഅല്ലിം കോഴ്സ് ചെയ്തു. 500 രൂപയാണ് ചന്ദ നൽകിയിരുന്നത്.അല്ലാഹു അദ്ദേഹത്തിൽ ഫള്ല് ചെയ്യുകയും അദ്ദേഹം ഇപ്പോൾ അയ്യായിരം രൂപ ചന്ദയായി നൽകുകയും ചെയ്യുന്നു. അദ്ദേഹം പയുന്നു. ഞാൻ അനഹ്മദി ആയിരുന്നപ്പോൾ മറ്റുള്ളവരുടെ വീട്ടിൽ പോയാണ് ഭക്ഷണം കഴിച്ചിരുന്നത്. എന്നാൽ ബൈഅത്ത് ചെയ്തതിനുശേഷം ജനങ്ങൾ എന്റെ തീൻമേശയിൽ നിന്നാണ് ഭക്ഷണം കഴിക്കുന്നത്. ആദ്യം സ്വത്തൊന്നും ഇല്ലായിരുന്നു. ഇപ്പോൾ എനിക്കും സ്വത്തുണ്ട്.

തമിഴ്നാട്ടിലെ കോയമ്പത്തൂർ ജമാഅത്തിലുള്ളവർ അധികവും നവ അഹ്മദികളാണ്. അതിൽ അധികംപേരും പത്ത് പതിനഞ്ച് വർഷത്തിനുള്ളിലാണ് ബൈഅത്ത് ചെയ്തത്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അതിൽ വരുമാനമുള്ളവരിൽ 50% ആളുകളും മൂസികളായിട്ടുണ്ട്.

കുറച്ച് വർഷം മുമ്പ് ഒരാൾ ബൈഅത്ത് ചെയ്തു. അല്ലാഹു അദ്ദേഹത്തിന് തൗഫീഖ് നൽകിയതിന്റെ അടിസ്ഥാനത്തിൽ അദ്ദേഹം ചന്ദഃയിൽ വലിയ വർദ്ധനവ് വരുത്തുകയുണ്ടായി. അദ്ദേഹം പറയുന്നു: ''ഇതുകാരണം എന്റെ ബിസ്സിനസ്സിൽ അല്ലാഹു വലിയ ഉയർച്ചയാണ് നൽകിയിരിക്കുന്നത്. അനഹ്മദികളായ എന്റെ ബന്ധുക്കൾ എനിക്ക് ഇത്രയധികം പണം വരുന്നത് എവിടെനിന്നാണെന്നോർത്ത് അത്ഭുതപ്പെടുകയാണ്. ഞാൻ അവരോട് പറയാറുള്ളത് ഇതെല്ലാം അല്ലാഹുവിന്റെ ഫള്‌ലും അഹ്മദിയ്യത്തിന്റെ ബർക്കത്തുമാണ് എന്നാണ്.''

ഇന്ത്യയുടെ അവസ്ഥയാണ് ഞാൻ ഇതുവരെ കേൾപ്പിച്ചത്. ആഫ്രിക്കയിൽ ദൂരദൂരപ്രദേശത്തുള്ളവർക്ക് ത്യാഗം ചെയ്യാനുള്ള ആവേശം എന്തുമാത്രമുണ്ടെന്ന് നമുക്ക നോക്കാം. ഗാമ്പിയായിലെ അമീർ സാഹിബ് എഴുതുന്നു. ഫോഡേബാകൂലി എന്ന നമ്മുടെ ഒരു സഹോദരൻ വളരെ ദരിദ്രനാണ്. അദ്ദേഹത്തോട് വഖ്ഫ് ജദീദ് ചന്ദ നൽകാൻ പറഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞത് ദാരിദ്ര്യം കാരണം പട്ടിണിയിലാണ്. മൂന്ന് ദിവസത്തിനുശേഷം ഈ വ്യക്തി മിഷൻ ഹൗസിൽ വന്ന് അമ്പത് ഡലാസി നൽകിക്കൊണ്ട് പറഞ്ഞു.''ചന്ദ നൽകുന്നവരുടെ ഗണത്തിൽ എന്റെ പേരും ഉൾപ്പെടുത്താൻ ബർക്കത്തിനായി ഞാനിത് നൽകുകയാണ്.'' പട്ടിണി ആയിരുന്നിട്ട്കൂടി ചന്ദ നൽകാനുള്ള ആവേശവും അതോടൊപ്പം ഈ അനുഗ്രഹം തനിക്ക് നഷ്ടമാകുമോ എന്ന ചിന്തയും. അത്ഭുതകരമായ അവസ്ഥയാണിത്. മറ്റൊരു സഹോദരൻ പറഞ്ഞു. ''ഞാൻ ദരിദ്രനാണ്, എന്റെ തന്നെ ആവശ്യങ്ങൾ നിറവേറ്റാൻ എന്റെ പക്കൽ പണമില്ല.'' എന്നിട്ട് അദ്ദേഹം നൂറ് ഡലാസി നൽകി.

ജമാഅത്ത് ബനിനിലെ അമീർ സാഹിബ് എഴുതുന്നു. ഔറാകാമേ എന്ന നവ ജമാഅത്തിലെ ജനറൽ സെക്രട്ടറി ലത്തീഫ് ലാമീദീ സാഹിബ് ജോലിയില്ലാത്ത കാരണത്താൽ കുറച്ചുകാലമായി വളരെയധികം അസ്വസ്ഥനായിരുന്നു. അദ്ദേഹം ജോലി അന്വേഷിച്ച് നൈജീരിയായിലും പോയിരുന്നു. എന്നാൽ ലഭിക്കാത്തതു കാരണം വീട്ടിലേക്ക് തന്നെ തിരിച്ചുവന്നു. വഖ്ഫ് ജദീദിന്റെ വർഷം അവസാനിക്കാൻ നവംബർ, ഡിസംബർ എന്നീ രണ്ട് മാസങ്ങളാണ്. ബാക്കിയുണ്ടായിരുന്നത്. ഇദ്ദേഹത്തിന്റെ ചന്ദഃ കൂടിശ്ശിക ഉണ്ടായിരുന്നു. വഖ്ഫ് ജദീദ് ചന്ദഃ നൽകാൻ അദ്ദേഹത്തോട് പറയുകയും പ്രയാസമുള്ളപ്പോൾ അല്ലാഹുവിന്റെ മാർഗത്തിൽ ധനം വ്യയം ചെയ്യുന്നവർക്ക് പ്രത്യേക അനുഗ്രഹം ലഭിക്കുന്നതാണെന്ന് അദ്ദേഹത്തെ ബോധ്യപ്പെടുത്തുകയും ചെയ്തു. അടുത്ത ദിവസം തന്നെ അദ്ദേഹം ചന്ദഃ യുടെ പണവുമായി വന്നു. എന്നിട്ട് പറഞ്ഞു. ''എന്റെ വീട്ടിലുള്ളവർ എല്ലാം കടം വാങ്ങിതന്നെയാണ് ജീവിതച്ചെലവ് നടത്തുന്നത്. അതുകൊണ്ട് അല്ലാഹുവിന്റെ മാർഗത്തിൽ ധനം നൽകുന്നതിനും എന്തുകൊണ്ട് കടം വാങ്ങിക്കൂടാ. ഒരു പക്ഷെ അല്ലാഹു ഇതുമുഖേന ഞങ്ങളുടെ അവസ്ഥ മാറ്റിയാലോ.''

തുടർന്ന് അല്ലാഹുവിന്റെ പ്രത്യേക ഫള്ല് അദ്ദേഹത്തിൽ ഇറങ്ങി. ചന്ദഃ നൽകിയതിനു മൂന്നാമത്തെ ദിവസം വലിയ ധനവാന്റെ വീട്ടിൽ അദ്ദേഹത്തിന് ജോലി ലഭിച്ചു. നല്ല ശമ്പളമായിരുന്നു. ഇതുകാരണം രണ്ട്മാസം കൊണ്ട് തന്നെ അദ്ദേഹത്തിന്റെ കടമെല്ലാം വീട്ടാൻ സാധിച്ചു എന്ന്മാത്രമല്ല അദ്ദേഹം ഒരു മോട്ടോർ സൈക്കിൾ വാങ്ങുകയും ചെയ്തു. അദ്ദേഹം പറയുന്നത് ഇതെല്ലാം ചന്ദഃ നൽകിയതുകൊണ്ടുള്ള അനുഗ്രഹമാണെന്നാണ്.

ബെനിനിലെ ഔറാകാമാ എന്ന ജമാഅത്തിലെ മറ്റൊരു സംഭവം. അവിടെ മുഅല്ലിം സാഹിബ് ചന്ദഃ വാങ്ങാൻ പോയി. അവിടെയുള്ളവർ ആ ജമാഅത്തിലെ സദർ ജമാഅത്തിനോട് കടമായി കുറെ പണം വാങ്ങിയിരുന്നു. എല്ലാം കൂട്ടിയാൽ വലിയ ഒരു തുക വരും. എന്നാൽ കുറേ കാലമായി കടക്കാർ പണം തിരിച്ചു നൽകുന്നുണ്ടായിരുന്നില്ല. അതുകാരണം സദർ സാഹിബും അദ്ദേഹത്തിന്റെ വീട്ടുകാർക്കും വഖ്ഫ് ജദീദിന്റെ ചന്ദഃ പൂർണ്ണമായും അടച്ചുതീർക്കാൻ കഴിഞ്ഞിരുന്നില്ല. മുഅല്ലിം സാഹിബ് സദർ സാഹിബിനെയും വീട്ടുകാരെയും വിളിച്ചുവരുത്തി പറഞ്ഞു. വാഗ്ദാനം എന്നത് ഒരു കടമാണ്. നിങ്ങൾ അല്ലാഹുവിന്റെ കടം വീട്ടാൻ വിമുഖത കാണിച്ചാൽ മറ്റുള്ളവർ നിങ്ങളുടെ കടം വീട്ടുന്നതിൽ നിന്നും എന്തുകൊണ്ട് വിമുഖത കാണിക്കില്ല. അദ്ദേഹത്തിന് കാര്യം മനസ്സിലാകുകയും വീട്ടുകാരെല്ലാം കണക്കുനോക്കി വഖ്ഫ് ജദീദിന്റെ ചന്ദഃ അടച്ചുതീർക്കുകയും ചെയ്തു. എന്നിട്ട് അദ്ദേഹം പറഞ്ഞു. മൗലവി സാഹിബ് ഞാൻ ഇതാ അല്ലാഹുവിന് നൽകാനുള്ള കടം വീട്ടിയിരിക്കുന്നു. എന്നാൽ ഇതിനുപകരമായി അല്ലാഹു നൽകിയ അനുഗ്രഹം നോക്കുക. അദ്ദേഹത്തിന് പണം നൽകാനുള്ളവർ എല്ലാം ഒരാഴ്ചക്കുള്ളിൽ അദ്ദേഹത്തിന്റെ അടുത്ത് വന്ന് അദ്ദേഹത്തിന് നൽകാനുണ്ടായിരുന്ന പണം തിരിച്ചു നൽകി. ഇപ്പോൾ അദ്ദേഹം ഒരു ഏക്കർ സ്ഥലം വാങ്ങിയിട്ടുണ്ട്. അതിന്റെ പകുതി മസ്ജിദ് നിർമ്മിക്കാനായി ജമാഅത്തിന് നൽകിയിട്ടുണ്ട്.

മുബല്ലിഗ് നൈജീരിയ എഴുതുന്നു. ലോകോനു ജമാഅത്തിലെ ഒരു സ്ത്രീ അസ്വത്ത് ഹബീബ സാഹിബ പറയുന്നു.''ഞാൻ എന്റെ വീട്ടിൽ ഗാർമെന്റ്സിന്റെ കട നടത്തുകയായിരുന്നു. എന്റെ ഭർത്താവ് ഒരു സ്ക്കൂൾ തുടങ്ങിയപ്പോൾ എന്റെ കുടുതൽ സമയവും സ്ക്കൂൾ ജോലിയിലാണ് ചെലവഴിക്കുന്നത്. സ്ക്കൂൾ വീട്ടിൽനിന്ന് വളരെ ദൂരെയായതുകൊണ്ട് കടയിലെ വരുമാനം പൊതുവിൽ കുറഞ്ഞുകൊണ്ടിരുന്നു. ഇത് എനിക്ക് വളരെ പ്രയാസമായി. ഒരിക്കൽ മുറബ്ബി സാഹിബ് ചന്ദഃ വഖ്ഫെ ജദീദിനെക്കുറിച്ച് പറഞ്ഞു. എനിക്ക് കഴിയുന്നത്ര ഞാൻ നൽകുകയും ചെയ്തു. അന്ന് കുറച്ച് നേരം കഴിഞ്ഞ് ഞാൻ എന്റെ ഗാർമെന്റ്സിന്റെ കട തുറന്നപ്പോൾ കുറെ ആഴ്ച്ചകൾ കൂടിയാൽപോലും ലഭിക്കാത്ത കച്ചവടമാണ് അൽപം മണിക്കൂറുകൾക്കുള്ളിൽ എനിക്ക് ലഭിച്ചത്.അല്ലഹുവിന്റെ മാർഗത്തിൽ ചന്ദ നൽകിയതുകൊണ്ടുള്ള ബർക്കാത്താണിത്.''

ബിദ്ഗു റീജനിലെ മുബല്ലിഗ് എഴ്തുന്നു. ഈ ഗ്രാമവാസിയായ ജാലോസീക്കോ സാഹിബ് കഴിഞ്ഞ വർഷമാണ് ബൈഅത്ത് ചെയ്തത്. ഉടനെ ചന്ദഃ നൽകാൻ തുടങ്ങി. ചന്ദഃ നൽകിയതിന്റെ ബർക്കത്ത്കൊണ്ട് അദ്ദേഹത്തിന്റെ വിളവ് കഴിഞ്ഞ വർഷത്തിന്റെ ഇരട്ടിയായി അല്ലാഹു വർദ്ധിപ്പിച്ചു നൽകി. വഖ്ഫെ ജദീദിൽ വീണ്ടും ധാന്യമായി അദ്ദേഹം ചന്ദഃ നൽകുകയും ചെയ്തു.

അമീർ സാഹിബ് ബുൽക്കീനോഫാസു എഴുതുന്നു. ഗാവാ റീജനിലെ സദ്ർ ജമാഅത്ത് ഇമായൂസു സാഹിബ് പറയുന്നു. ''ഒരിക്കൽ എന്റെ കീശായിൽ ആകെ മൂവ്വായിരം ഫാങ്കണ്ട് ഉണ്ടായിരുന്നത്. വീട്ടിൽ ഭക്ഷണമുണ്ടാക്കാൻ ഒന്നുമില്ലെന്നും വല്ലതും വാങ്ങിക്കൊണ്ടുവരിക എന്നും ഭാര്യ പറഞ്ഞു.'' അദ്ദേഹം പറയുന്നു. ''ഞാൻ ഇതും കേട്ട് മിഷ്യൻ ഹൗസിൽ പോയി. അവിടെ മുഅല്ലിം സാഹിബ് പറഞ്ഞു നിങ്ങളുടെ വഖ്ഫെ ജദീദ് ചന്ദഃ ബാലൻസുണ്ട്. അദ്ദേഹം പറയുന്നു. ഇന്ന് എന്റെ പരീക്ഷണമാണെന്ന് ഞാൻ മനസ്സിലാക്കി. അപ്പോൾ ഞാൻ മനസ്സാൽ തീരുമാനിച്ചു. ആദ്യം ചന്ദഃ തന്നെ നൽകുന്നതാണ്. ഉടനെ മൂവ്വായിരം ഫ്രാങ്കിന്റെ റസീറ്റ് മുറിപ്പിച്ചു. അല്ലാഹുവിന് എന്റെ ഈ നിസ്സാര കാര്യം വളരെ ഇഷ്ടപ്പെടുകയും അന്ന് എന്റെ ജോലിയുമായി ബന്ധപ്പെട്ടുകൊണ്ട് ഒരാൾ വീട്ടിൽ വരികയും 3 ലക്ഷം ഫ്രാൻങ്ക് തുക നൽകിക്കൊണ്ട് പറഞ്ഞു. എന്റെ ഓർഡർ ബുക്ക് ചെയ്താലും. ഇത് അഡ്വാൻസായി നൽകുകയാണ്. ജോലി പൂർത്തിയായാൽ ബാക്കി തുക നൽകുന്നതാണ്.'' യൂസൂ സാഹിബ് പറയുന്നു. ''അന്നുമുതൽ അല്ലാഹുവിലുള്ള എന്റെ തവക്കുൽ വളരെയധികം വർദ്ധിക്കുകയുണ്ടായി. എന്റെ സാമ്പത്തിക പ്രയാസങ്ങൾ പൂർണ്ണമായും ഇല്ലാതെയുമായി.''

ബംഫോറാ റീജനിലെ മുബല്ലിഗ് എഴുതുന്നു. സവദോഗോ സാഹിബ് എന്ന സുഹൃത്ത് നാല് വർഷം മുമ്പാണ് അഹ്മദിയായത്. ഇഖ്ലാസിൽ മുന്നേറുകയും ചന്ദഃ നൽകാൻ തുടങ്ങുകയും ചെയ്തു. ഒരിക്കൽ അദ്ദേഹം പറയുകയാണ്. ആദ്യം ചന്ദഃ കൊടുത്തു തുടങ്ങുകയാണ് വേണ്ടത്. ഇതിന്ന് വലിയ അനുഗ്രഹങ്ങൾ ഉണ്ട്. അതിന് തെളിവ് ഞാൻ തന്നെയാണ്. അഹ്മദിയ്യത്ത് സ്വീകരിക്കുന്നതിനും ചന്ദഃയിൽ പങ്കെടുക്കുന്നതിനും മുമ്പ്‌വരെ ഞാൻ പലരിൽ നിന്നും കടം വാങ്ങാറുണ്ടായിരുന്നു. എന്നാൽ ഇന്ന് അല്ലാഹു എന്റെ അവസ്ഥ ആകെ മാറ്റി മറിച്ചിരിക്കുകയാണ്. ചന്ദഃ നൽകുന്നതുകാരണം ഇന്ന് മറ്റുള്ളവർക്ക് കടം കൊടുക്കുന്നവനായി ഞാൻ മാറിയിരിക്കുന്നു. മുമ്പൊക്കെ ജനങ്ങൾ എന്റെ വീട്ടിൽ വന്നിരുന്നത് അവരുടെ പണം ചോദിച്ചുകൊണ്ടാണ്. എന്നാൽ ഇമാം മഹ്ദി عليه السلام ന്റെ ബർക്കത്ത് കാരണം ഇന്ന് ജനങ്ങൾ എന്റെ സഹായം ആവശ്യപ്പെട്ടുകൊണ്ടാണ് വരുന്നത്.

നൈജർ ഒരു ദരിദ്ര നാടാണ്. ഇവിടത്തുകാർക്ക് വാങ്ങിയെ ശീലമുള്ളൂ. കൊടുത്ത് ശീലമില്ല. അല്ലാഹുവിന്റെ പ്രത്യേക ഫള്ല് കാരണം തബ്ലീഗ് നടക്കുന്ന സ്ഥലത്ത് സാമ്പത്തിക ത്യാഗത്തെക്കുറിച്ച് പറയപ്പെടുമ്പോൾ ധനത്യാഗത്തിലും ജനങ്ങൾ പങ്കാളികളാകുന്നു. പല ഗ്രാമങ്ങളിലും ആദ്യമായാണ് തബ്ലീഗ് നടക്കുന്നത്. ആദ്യ ദിവസം തന്നെ അവർ ചന്ദഃ നൽകുകയും ചെയ്തിട്ടുണ്ട്. മുബല്ലിഗ് എഴുതുന്നു. ഈ വർഷം അല്ലാഹുവിന്റെ അനുഗ്രഹത്താൽ വഖ്ഫ് ജദീദിന്റെ ചന്ദഃയിൽ നൈജറിലെ നൂറ് ശതമാനം ആളുകളും പങ്കെടുത്തിട്ടുണ്ട്. കഴിഞ്ഞ വർഷം ഇതിൽ പങ്കെടുത്തവരുടെ എണ്ണം 1478 ആയിരുന്നു. ഈ വർഷം ഈ എണ്ണം വർദ്ധിച്ച് 17706 ആയിട്ടുണ്ട്. അതായത് 16228 ന്റെ വർധനയാണ് വഖ്ഫെ ജദീദിൽ ഉണ്ടായിരിക്കുന്നത്. അവിടെ ആഫ്രിക്കയിൽ മറ്റു രംഗത്തും ധന ത്യാഗത്തിനുള്ള അവസരം അവർക്ക് ലഭിച്ചുകൊണ്ടിരിക്കുന്നുണ്ട്.

ലെഗസിലെ ഒരു ആത്മാർത്ഥ അഹ്മദി ലാജീ ഇബ്റാഹിം സാഹിബ്. അദ്ദേഹം ഒരു പുതിയ വീടുണ്ടാക്കി. അതോടൊപ്പം ഒരു പള്ളിയും മൂന്ന് ഫ്ളാറ്റുകളുമുള്ള ഒരു വലിയ കോപ്ലസ്സും ഉണ്ടാക്കി. മസ്ജിദിനെക്കുറിച്ച് അദ്ദേഹത്തിന്റെ ആഗ്രഹം ഇത് ജമാഅത്തിന്ന് നൽകുക എന്നതായിരുന്നു. അദ്ദേഹം പറയുന്നു. ഞാൻ എന്റെ പുതിയ വീട്ടിൽ താമസം മാറ്റിയിരുന്നില്ല. ഒരു രാത്രി സ്വപ്നത്തിൽ കാണുകയാണ്. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ എന്റെ ഈ പുതിയ വീട്ടിൽ വന്നിരിക്കുന്നു. അദ്ദേഹത്തിന് ശേഷം ഖലീഫ സാനി, ഖലീഫ സാലിസ്, ഖലീഫ റാബിഅ്, ഖലീഫ ഖാമിസ് എന്നിവരും വന്നു. അവസാനം ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ആഗതരാവുകയുണ്ടായി. അവിടെ ആഗതരായതിനുശേഷം ഹദ്റത്ത് മസീഹ് മൗഊദ് عليه السلام പറയുകയാണ്: ഈ വീടിന്റെ ഉദ്ഘാടന പരിപാടി ഇതുതന്നെയാണ്. മറ്റൊരു ഗൃഹപ്രവേശന പരിപാടിയും ഉണ്ടായിരിക്കില്ല. ഇതിനുശേഷം പള്ളിയോട് ചേർന്നിട്ടുള്ള മൂന്ന് ഫ്ളാറ്റുകളിൽ ഒരു ഫ്ളാറ്റിൽ ആ മഹാത്മാവ് പ്രവേശിക്കുകയും എന്നിട്ട് ഇപ്രകാരം പറഞ്ഞു. ഇത് മസ്ജിദിനോടൊപ്പം ജമാഅത്തിന് നൽകുക. അദ്ദേഹം പറയുന്നു. ഉടനെ എന്റെ കണ്ണു തുറന്നു. ഞാൻ മനസ്സിൽ ഒരു തീരുമാനമെടുത്തു. മിഷ്യൻ ഹൗസ് എന്ന നിലക്ക് പള്ളിയോട് ചേർന്നിട്ടുള്ള ഫ്ളാറ്റും ജമാഅത്തിന് മസ്ജിദിനോടൊപ്പം നൽകുന്നതാണ്. അങ്ങിനെ അദ്ദേഹം മസ്ജിദിനോടൊപ്പം ഫ്ളാറ്റും ജമാഅത്തിന് നൽകുകയുണ്ടായി. അതിന്റെ മൊത്തം തുക തൊണ്ണൂറായിരം പൗണ്ട് ആണ്.

റ്റോഗോയിലെ മുബല്ലിഗ് എഴുതുന്നു. നുഛരീ റീജനിലെ ഒരു ഗ്രാമത്തിൽ കുറച്ച് വർഷം മുമ്പാണ് അഹ്മദിയ്യത്ത് സ്ഥാപിതമായത്. ചന്ദഃയുടെ തുടക്കം ഒരു അത്ഭുത സംഭവത്തിനുശേഷമാണ് തുടങ്ങിയത്. എതിരാളികൾ ദരിദ്രരായ അഹ്മദികളെ പിൻതിരിപ്പിക്കാനായി കുറേ പണവും സാധനങ്ങളുമായി അവിടെ എത്തി. ഇത് ദരിദ്ര ഗ്രാമമാണ്. ജനങ്ങൾ കൃഷിക്കാരാണ്. എതിരാളികൾ പറഞ്ഞു. നിങ്ങൾക്ക് പണവുമായാണ് ഞങ്ങൾ വന്നത്. അഹ്മദികൾ ചന്ദഃ ചോദിച്ച് നിങ്ങളോട് പണം വാങ്ങുകയാണ് ചെയ്യുന്നത്. ഈ പണമെല്ലാം നിങ്ങളിൽ നിന്ന് വാങ്ങി അവർ ബിസ്സിനസ്സ് ചെയ്യുന്നു. ഗ്രാമവാസികൾ ഇതിന് നൽകിയ മറുപടി. നിങ്ങൾ പറയുന്നത് കള്ളമാണ്. വിശ്വാസത്തിൽ നിന്നും ഞങ്ങളെ പിൻതിരിപ്പിക്കാൻ പണം നൽകാനാണല്ലൊ നിങ്ങൾ വന്നത്. എന്നാൽ അഹ്മദികൾ ഞങ്ങളിൽ നിന്ന് പണം വാങ്ങുന്നത് ഞങ്ങളുടെ വിശ്വാസം ശക്തിപ്പെടുത്താനാണ്. വിശുദ്ധ ഖുർആന്റെ അധ്യാപനം അവർ ഞങ്ങളുടെ മുമ്പാകെ വെക്കുന്നു. അതായത് മുസ്‌ലിംകൾ ഓരോരുത്തരും അൽപമെങ്കിലും അല്ലാഹുവിന്റെ മാർഗത്തിൽ ധനം ചെലവു ചെയ്യണമെന്നാണ് ഖുർആൻ പഠിപ്പിക്കുന്നത്. അഹ്മദികൾ ഈ ചന്ദഃകൊണ്ട് ഇസ്‌ലാമിനെ സേവിക്കുകയാണെന്ന് ഞങ്ങൾക്കറിയാം. (ഇവർ തിന്നു തീർക്കുകയല്ല ചെയ്യുന്നത്) ഞങ്ങൾ ദരിദ്രരാണെന്നത് ശരിതന്നെ. നിങ്ങൾ നൽകുന്ന പൈസ ഞങ്ങളുടെ ആവശ്യങ്ങൾ പൂർത്തിയാക്കാനുതകുന്നതുമാണ്. എന്നാൽ ഞങ്ങളുടെ കൈവശമുള്ള ഈ അല്ലറ ചില്ലറ കാശ് കൊണ്ട് അല്ലാഹുവിന്റെ മാർഗത്തിൽ നൽകാനാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. അങ്ങനെ അവർ ചന്ദഃയുടെ സംവിധാനത്തിൽ ഉൾപ്പെട്ടു. ഇപ്പോൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ അവരെല്ലാം ചന്ദഃ നൽകുന്നവരാണ്. അല്ലാഹുവിന്റെ പ്രീതിക്കായി നാനാതരം ത്യാഗങ്ങളും ചെയ്യുന്നവരാണിക്കൂട്ടർ. ചെറുതും വലുതുമായ ത്യാഗങ്ങൾ അവർ ചെയ്യുന്നു. അല്ലാഹു തന്റെ വാഗ്ദാനപ്രകാരം അതിനുള്ള പ്രതിഫലം ഇരട്ടിയായി നൽകിക്കൊണ്ടിരിക്കുന്നു.

ധനത്യാഗത്തിന്റെ ഈ ആത്മാവ് ജമാഅത്തിൽ നിലനിൽക്കുന്നു എന്ന്മാത്രമല്ല ഇത് വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. നവാഗതർപോലും ഇതിൽ മുന്നേറിക്കൊണ്ടിരിക്കുന്നു. വഖ്ഫെ ജദീദിന്റെ ചന്ദഃയിൽ പാക്കിസ്ഥാനീ അഹ്മദികൾ മാത്രമായിരുന്നു ആദ്യകാലത്ത് ഉൾപ്പെട്ടിരുന്നത്. നാലാം ഖിലാഫത്ത് കാലത്ത് ഇത് ആഗോളതലത്തിൽ വ്യാപിപ്പിക്കുകയുണ്ടായി. പാശ്ചാത്യ നാടുകളിൽ നിന്നും വികസിത രാജ്യങ്ങളിൽ നിന്നും വഖ്ഫെ ജദീദ് ചന്ദ വാങ്ങുന്നതിന്റെ പ്രത്യേക ലക്ഷ്യം ഇന്ത്യയിലേയും ആഫ്രിക്കയിലെ ചില നാടുകളിലേയും വർദ്ധിച്ചു വരുന്ന ചെലവുകൾ നികത്തുന്നതിന്ന് വേണ്ടിയാണ്. അവിടെ അധികവും നവാഗതരാണ്. അവർക്ക് ധനത്യാഗത്തെക്കുറിച്ച് വേണ്ടുംവിധം അറിവില്ല. അവരുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ഈ സംഖ്യ വിനിയോഗിക്കപ്പെടുന്നു. പള്ളി നിർമ്മാണം, മറ്റു ചെലവുകൾ എല്ലാമുണ്ട്. എന്നാൽ ഞാൻ കേൾപ്പിച്ച സംഭവങ്ങളിൽ നിന്നും നവാഗതരും ഏതു രീതിയിലാണ് ധന ത്യാഗത്തിൽ മുന്നേറുന്നതെന്ന് മനസ്സിലാകുന്നതാണ്. അവർ സ്വയം ഇതിൽ പങ്കാളികളാകുന്നതുകാരണം അവരുടെ ആവശ്യങ്ങൾ ഒരു പരിധിവരെ അവർക്ക്തന്നെ പൂർത്തിയാക്കാൻ കഴിയുന്നുണ്ട്. അതോടൊപ്പം പുതിയ പുതിയ മിഷ്യനുകൾ നാം തുറക്കുന്നുണ്ട്. അതിനാൽ വികസിത രാഷ്ട്രങ്ങളിൽ നിന്ന് കരസ്ഥമാക്കുന്ന വഖ്ഫെ ജദീദ് ചന്ദഃ മറ്റു പദ്ധതികൾക്കായി വിനിയോഗിക്കുന്നതായിരിക്കും. നമ്മുടെ ആവശ്യങ്ങൾ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. മസ്ജിദുകളും മിഷ്യൻ ഹൗസുകളും നിർമ്മിക്കപ്പെടുന്നു, സാഹിത്യങ്ങൾ പ്രസിദ്ധീകരിക്കപ്പെടുന്നു. പാശ്ചാത്യ നാടുകളിലുള്ള അഹ്മദികൾ ചെയ്യുന്ന ഈ ത്യാഗങ്ങൾ അവരുടെ നാടുകളിൽ ജമാഅത്ത് പ്രവർത്തനങ്ങളെ മുന്നോട്ട് കൊണ്ട് പോകാൻ കാരണമാകുന്നതോടൊപ്പം ദരിദ്ര നാടുകളിൽ അഹ്മദിയ്യത്തിന്റെ വിജയത്തിനുകൂടി സഹായകമായിത്തീരുന്നു. അങ്ങനെ സമ്പന്ന രാഷ്ട്രങ്ങളിലെ അഹ്മദികൾ ചെയ്യുന്ന ചെറിയ ത്യാഗങ്ങളും പേമാരിപോലെ വലിയ സ്വാധീനമാണ് ഏൽപിക്കുന്നത്. *അല്ലാഹു എപ്പോഴും ഇത് സ്വീകരിക്കുമാറാകട്ടെ.*

എല്ലാവർക്കും അറിയാവുന്നതുപോലെ ജനുവരി ഒന്നുമുതലാണ് വഖ്ഫെ ജദീദിന്റെ വർഷം ആരംഭിക്കുന്നത്. വഖഫെ ജദീദുമായി ബന്ധപ്പെട്ട പല ഉദാഹരണങ്ങളും ഞാൻ നൽകിയതിൽ നിന്നും നിങ്ങൾ മനസ്സിലാക്കിയിട്ടുണ്ടാകും ഈ ഖുത്വുബയിൽ ഞാൻ വഖ്ഫെ ജദീദിന്റെ പുതുവർഷ പ്രഖ്യാപനം നടത്തുന്നതാണെന്ന്. അതോടൊപ്പം കഴിഞ്ഞ വർഷത്തെ കണക്കുകളും സമർപ്പിക്കുന്നതാണ്.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ കഴിഞ്ഞത് അതായത് ഡിസംബർ 31 ന് കഴിഞ്ഞത് വഖ്ഫെ ജദീദിന്റെ 53-ാം വർഷമാണ്. അല്ലാഹുവിന്റെ വലിയ ഫള്ലാണ് ഈ വർഷവും ഉണ്ടായിട്ടുള്ളത്. ജമാഅത്തിന്ന് വഖ്ഫെ ജദീദിൽ 41,83,000 പൗണ്ടിനെക്കാളും അധികം ത്യാഗം ചെയ്യാനുള്ള തൗഫീഖ് ലഭിച്ചു. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ഈ ത്യാഗം അല്ലാഹുവിന്റെ അനുഗ്രഹത്താൽ 6,64,000 പൗണ്ട് കൂടുതലാണ്. ഇതിൽ ത്യാഗത്തിന്റെ നിലവാരമനുസരിച്ച് ഒന്നാംസ്ഥാനം മുമ്പത്തെ പോലെ പാക്കിസ്ഥാൻ തന്നെയാണ് കരസ്ഥമാക്കിയത്. അതിനുശേഷം അമേരിക്ക, യു.കെ., ജർമനി. യു.കെ. അല്ലാഹുവിന്റെ അനുഗ്രഹത്താൽ കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 1 ലക്ഷം പൗണ്ടിന്റെ വർദ്ധനവ് വരുത്തിയിട്ടുണ്ട്. ജർമനി യു.കെ.യെ മറികടക്കാൻ കഴിവതും പരിശ്രമിക്കുകയും ചെയ്തിട്ടുണ്ട്. 2 ലക്ഷത്തിൽ കൂടുതൽ യൂറോ അവർ വസൂൽ ചെയ്തിട്ടുണ്ട്. എന്നാൽ സ്ഥാനം കഴിഞ്ഞ വർഷത്തേതു തന്നെയാണ്. അഞ്ചാം സ്ഥാനം കാനഡ.പിന്നെ ഇന്ത്യ, ആസ്ട്രേലിയ. ആസ്ട്രേലിയ ഒരു സ്ഥാനം മുന്നിൽ കയറിയിട്ടുണ്ട്. തുടർന്ന് ഇന്തോനേഷ്യ, ബെൽജിയം, പത്താം സ്ഥാനം സ്വറ്റിസർലാന്റ്.

പ്രാദേശിക കറൻസിയുടെ അടിസ്ഥാനത്തിൽ കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ഏറ്റവും കൂടുതൽ തുക വസൂൽ ചെയ്ത ആദ്യ അഞ്ചു രാജ്യങ്ങൾ ഇവയാണ്. ജർമനി, അവർ 33% വർദ്ധനവ് വരുത്തിയിട്ടുണ്ട്. ഇന്ത്യ രണ്ടാം സ്ഥാനം, അമേരിക്ക, ആസ്ട്രേലിയ, ബെൽജിയം. വ്യക്തിഗതമായ നിലയിൽ ചന്ദഃ നൽകുന്നതിന്റെ നിലവാരത്തിൽ ഒന്നാം സ്ഥാനം അമേരിക്ക. 81 പൗണ്ടിന് മുകളിലാണ് ഒരാൾ നൽകുന്ന തോത്. സ്വറ്റിസർലാന്റ്, 48 പൗണ്ട്. ഐയർലന്റ്, യു.കെ., ജപ്പാൻ. ഫ്രാൻസ്, കാനഡ, സ്പെയ്ൻ എന്നിവരും പരിശ്രമിച്ചിട്ടുണ്ട്. ആഫ്രിക്കയിൽ വസൂലിയുടെ അടിസ്ഥാനത്തിൽ ആദ്യ അഞ്ചു ജമാഅത്തുകൾ ഇവയാണ്. ഘാനാ, നൈജീരിയ, മൊറീഷ്യസ്, ബുൽക്കിനാഫാസു, അഞ്ചാമത്തേത് ബേനിൻ. ഈ വർഷം വഖ്ഫെ ജദീദ് ചന്ദഃ നൽകുന്നവരിൽ 25000 അംഗങ്ങളുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. മൊത്തം അംഗസംഖ്യ 6 ലക്ഷത്തിൽ കൂടുതലാണ്. ഞാൻ നേരത്തെ പറഞ്ഞതുപോലെ നൈജർ ഈ വർഷം പ്രയത്നിക്കുകയും 16000 അംഗങ്ങളുടെ വർദ്ധനവ് വരുത്തിയിട്ടുണ്ട്. ചെറിയ ജമാഅത്താണത്. ആഫ്രിക്കയിലെ മറ്റു ജമാഅത്തുകൾ പരിശ്രമിക്കുകയാണെങ്കിൽ ഈ വർദ്ധനവ് കൂടുന്നതാണ്. ഘാനക്കും നൈജീരിയക്കും അടുത്ത വർഷത്തേക്കുള്ള വർദ്ധിപ്പിക്കേണ്ട ടാർഗറ്റ് 50,000 ആളുകളെ കൂടുതൽ ഉൾപ്പെടുത്തുക എന്നതാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇതവർക്ക് കഴിയും.

പാക്കിസ്ഥാന്ന് അകത്തുള്ള സ്ഥാനം ഇപ്രകാരമാണ്. ഒന്നാം സ്ഥാനം ലാഹോർ, കറാച്ചി, റബ്വ. റബ്വയും കറാച്ചിയും തമ്മിലുള്ള അന്തരം വളരെ കുറവാണ്. റബ്വക്ക് ഇത് നേരത്തെ അറിയാമായിരുന്നെങ്കിൽ ഒരാൾ മാത്രം ഇത് നൽകിയേനെ. നാലോ അഞ്ചോ ആയിരത്തിന്റെ വ്യത്യാസമേ ഉള്ളൂ. യുവാക്കളുടെ കണക്കനുസരിച്ച് സിയാൽകോട്ട്, റാവൽ പിണ്ഡി, ഫൈസലാബാദ്, ഇസ്ലാമാബാദ്, ശൈഖുപുര, ഗുജ്റാൻവാല, സർഗോദ, മുൽത്താൻ, ഗുജ്റാത്ത്, ഉമർകോട്ട് എന്നിവയാണ്.

അത്ഫാലിന്റെ കണക്കനുസരിച്ച് ഒന്നാം സ്ഥാനം ലാഹോർ, രണ്ട് കറാച്ചി, മൂന്ന് റബ്വ. ജില്ലകൾ സിയാൽകോട്ട്, റാവൽപിണ്ഢി, ഇസ്ലാമാബാദ്, ശൈഖ്പുര, ഫൈസലാബാദ്, ഗുജ്റാൻവാല, നാരോവാൽ, ഗുജറാത്ത്, ഉമർകോട്ട്, പത്താം സ്ഥാനത്ത് ഹൈദരാബാദ്.

അമേരിക്കയിൽ സ്ഥാനം കരസ്ഥമാക്കിയ ആദ്യ അഞ്ച് ജമാഅത്തുകൾ ലോസ് ഏഞ്ചലിസ്, ഇൻലൻ എംപയർ, സിലിക്കോൺ വാലി, ഡിട്രോയിഡ്, ശിക്കാഗോ വെസ്റ്റ്, പോസ്റ്റനൻ

ബ്രിട്ടനിലെ ആദ്യ പത്ത് ജമാഅത്തുകൾ ഇവയാണ്. ബൂസ്റ്റർ പാർക്ക്, മസ്ജിദ് ഫസൽ, റെൽസ് പാർക്, ബെർമിംഗ്ആം വെസ്റ്റ്, വെസ്റ്റ് ഹിൽ, ബ്രെക്ക് ഫോർട്ട്, നോർത്ത്, വെസ്ലിൻ, ഗ്രീൻ പിച്ച്, ചീന് മസ്ജിദ് വെസ്റ്റ്, ഗുൽഹർഹെട്ടൻ. വസൂലിയുടെ അടിസ്ഥാനത്തിൽ ബ്രിട്ടനിലെ റീജനുകൾ ഇവയാണ്. മിഡിൽ ലാന്റ് റീജൻ, സൗത്ത് റീജൻ, ലണ്ടൻ റീജൻ, മിഡിൽ സെക്റ്റ് റീജൻ, ഇസ്ലാമാബാദ് റീജൻ.

ജർമ്മനിയിലെ അഞ്ച് ജമാഅത്തുകൾ ഹംബർക്ക്, ഫ്രംഗ് ഫെർട്ട്, ട്രോസ് ഗരാവു, വിസ്ബാസൻ, ഡാംസ്റ്റൻ. വസൂലിയുടെ അടിസ്ഥാനത്തിൽ ജർമ്മനിലെ ജമാഅത്തുകളുടെ സ്ഥാനം ഇവയാണ്. റോഡർമാർക്ക്, നോയസ്, റുക്ക്പാൽ, മൊഗ്ഫീൽഡൻ, (ജർമ്മനിക്കാൻ ഈ സ്ഥലത്തിന്റെ ഉച്ചാരണം ശരിയാക്കുക) റുടിൻ ആയിം, മെഹ്ദിങബാദ്, ബെർമൻ, മിതർ റോഡൻ, വൽഡോറ്, വായിൻ ഗാർഡൻ

കെനഡ ജമാഅത്ത് അത്ഫാലിന്റെ കണക്കും യുവാക്കളുടെ കണക്കും വേർതിരിച്ചു വെച്ചിട്ടുണ്ട്. നിസാം ശരിയായ രീതിയിൽ ഉള്ള മറ്റു രാജ്യക്കാരും ഈ രീതിയിൽ കണക്കു സൂക്ഷിക്കേണ്ടതാണ്. ജർമ്മനിക്കും അമേരിക്കക്കും ബ്രിട്ടനും ഇതനുസരിച്ച് പ്രർത്തിക്കാൻ കഴിഞ്ഞിട്ടില്ല. കെനഡ ഈ കണക്ക് കൃത്യമാക്കി വെക്കുന്നു. പാക്കിസ്ഥാന് ശേഷം ഇവർ മാത്രമാണ് ഈ കണക്കുകൾ സൂക്ഷിക്കുന്നത്. ഇതിൽ യുവാക്കളുടെ കണക്കനുസരിച്ച് മാർക്കം, പീസ് വില്ലേജ് സൗത്ത്, വെസ്റ്റൻ വില്ലിംഗ്ട്ടൺ, കാൽഗരി സൗത്ത്, വുഡ്പ്രിഡ്ജ്. കെനഡയിൽ അത്ഫാലിന്റെ കണക്ക്, വെസ്റ്റൺ സൗത്ത്, വെസ്റ്റൺ നോർത്ത് വെസ്റ്റ്, വെസ്റ്റൺ ഇംഗ്വിങ്റ്റൺ, മാർഘം, പീസ് വില്ലേജ് സൗത്ത്.

ഇന്ത്യയിലെ ജമാഅത്തുകൾ ആദ്യസ്ഥാനം കരസ്ഥമാക്കിയത് കേരളം, ജമ്മു കശ്മീർ, തമിഴ്നാട്, ആന്ധ്രപ്രദേശ്, വെസ്റ്റ് ബംഗാൾ, കർനാഡക, ഒറീസ, പഞ്ചാബ്, ഉത്തർ പ്രദേശ്, രാജസ്ഥാൻ, ഡൽഹി. ഇവിടെയുള്ള പ്രധാന ജമാഅത്തുകൾ സ്ഥാനത്തിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് ഒന്നാം സ്ഥാനം. ആദ്യം ഞാൻ വിവരിച്ചത് സംസ്ഥാനാടിസ്ഥാനത്തിലാണ്. ഇനി ജമാഅത്ത് അടിസ്ഥാനത്തിൽ യഥാക്രമം ഇവയാണ്. കോഴിക്കോട്, കണ്ണൂർ ടൗൺ, ഹൈദരാബാദ്, ഖാദിയാൻ, ചെന്നൈ, കൽക്കത്ത, കരുളായി, ബാഗ്ലൂർ, പഴയങ്ങാടി, കോയമ്പത്തൂർ, ആസ്നൂർ. *അല്ലാഹു തആല ഈ പുതു വർഷത്തിൽ ത്യാഗം ചെയ്യുന്നവർക്ക് കൂടുതൽ നൽകാൻ തൗഫീഖ് നൽകുമാറാകട്ടെ. കഴിഞ്ഞ വർഷങ്ങളിൽ ത്യാഗം ചെയ്തവരുടെ ധനത്തിലും മക്കളിലും അല്ലാഹു വർദ്ധനവ് നൽകുമാറാകട്ടെ. അനുഗ്രഹം ചൊരിയുമാറാകട്ടെ. മുമ്പത്തെക്കാളുപരി ത്യാഗം ചെയ്യുന്നവരായി ഇവർ മാറട്ടെ. ജമാഅത്തിന്റെ ഓരോ കാൽവെപ്പും പുരോഗതിയിലേക്ക് ഉയരുന്നതായി കാണാൻ നമുക്ക് സാധിക്കുമാറാകട്ടെ.*

ഒരു ദുഃഖകരമായ വാർത്ത അറിയിക്കുന്നു. ബഹുമാന്യ ഹിദായത്തുല്ലാ ഖുബ്ശ് സാഹിബ് ജർമ്മനി ജനുവരി 4-ാം തീയ്യതി ചൊവ്വാഴ്ച വഫാത്തായി. إِنَّا لِلّٰهِ وَإِنَّا إِلَيْهِ رَاجِعُوْنَ 1946 ജനുവരിയിലാണ് ജനിച്ചത്. ഏകദേശം 65 വയസ്സായിട്ടുണ്ട്. ഫ്രാൻഗ് ഫർട്ടിലാണ് പഠിച്ചത്. 1974 ൽ മൊറീഷ്യസിലെ ഒരു സ്ത്രീയെയാണ് വിവാഹം ചെയ്തത്. അതിൽ ഒരു മകളുണ്ട്. 1979 ൽ ഭാര്യ വഫാത്തായി. പിന്നീട് അടുത്ത വിവാഹം ഖാദിയാനിലെ സയ്യിദ് അഹ്മദ് ദർവേശ് മഹാർ സാഹിബിന്റെ

മകളുമായാണ് നടന്നത്. ഇതിൽ മൂന്ന് ആൺകുട്ടികളും മറ്റു പെൺകുട്ടികളുമാണ്. മുഖ്ലിസായി നല്ല ഒരഹ്മദിയായിരുന്നു അദ്ദേഹം. ഇസ്ലാം സ്വീകരിക്കാനായ പശ്ചാത്തലം അദ്ദേഹം വിവരിക്കുന്നത് ഇപ്രകാരമാണ്. ഒരിക്കൽ ഉമ്മയുടെ വീട്ടിൽ അദ്ദേഹം ഇരിക്കുകയായിരുന്നു. ഒരു വെള്ള പ്രകാശം തോളിന് മുകളിലൂടെ കടന്ന് പുസ്തകം വെച്ച അലമാരയിലേക്ക് പോകുന്നതായി അദ്ദേഹം കണ്ടു. അതിൽ നൂറുകണക്കിന് പുസ്തകങ്ങൾ അടുക്കി വെച്ചിട്ടുണ്ടായിരുന്നു. ആ പ്രകാശം ഒരു പുസ്തകത്തിൽ പോയി നിലയുറപ്പിച്ചു. അതെടുത്ത് നോക്കിയപ്പോൾ അത് ജർമ്മൻ ഭാഷയിലുള്ള വിശുദ്ധ ഖുർആനായിരുന്നു. വിശുദ്ധ ഖുർആൻ അദ്ദേഹം കയ്യിലെടുത്ത് വായിക്കാൻ തുടങ്ങി. വിശുദ്ധ ഖുർആൻ അൽപം വായിച്ചപ്പോൾ തന്നെ അല്ലാഹു വിശുദ്ധ ഖുർആനിലൂടെ പറയുകയാണെന്ന് അദ്ദേഹത്തിന് ബോധ്യമായി. ഈ ഗ്രന്ഥം സത്യമാണെന്നും ഇത് സ്വീകരിക്കേണ്ടതാണെന്നും അദ്ദേഹത്തിന്റെ മനസ്സ് പറയുകയും ചെയ്തു. അങ്ങിനെ അദ്ദേഹം ഇസ്ലാം സ്വീകരിച്ചു. ഈ ചിന്ത വന്നപ്പോൾ അദ്ദേഹം മസ്ജിദ് അന്വേഷിച്ചു. അങ്ങിനെ മസ്ജിദ് നൂറിനെക്കുറിച്ച് അറിയാൻ കഴിഞ്ഞു. ജമാഅത്തുമായി ബന്ധപ്പെടാൻ സാധിച്ചു. നമ്മുടെ മുബല്ലിഗ് മുകർറം മഖ്സൂദ് ജഹ്ലമി സാഹിബ് മർഹൂമുമായി ബന്ധം സ്ഥാപിക്കുകയും അദ്ദേഹം ഇസ്ലാമിനെക്കുറിച്ചും അഹ്മദിയ്യത്തിനെക്കുറിച്ചും അദ്ദേഹത്തിന് വളരെ സ്നേഹത്തിൽ പരിചയപ്പെടുത്തിക്കൊടുത്തു. 1969 ൽ ബൈഅത്ത് ചെയ്ത് ജമാഅത്തിൽ പ്രവേശിച്ചു. ഖലീഫത്തുൽ മസീഹ് സാലിസ് (റഹ്) അദ്ദേഹത്തിന്റെ പേര് ഹിദായത്തുല്ലാഹ് എന്ന് വെച്ചു. 1970 ൽ ഖലീഫത്തുൽ മസീഹ് സാലിസ് ഫ്രൻഗ്ഫെർട്ടിൽ വന്നപ്പോൾ അവിടെവെച്ച് ഹുസൂറുമായി മുലാഖാത്ത് നടന്നു. അമീർ സാഹിബ് ജർമ്മനിയും ഇദ്ദേഹം മുഖേനയാണ് അഹ്മദിയായത്. പലപ്പോഴും തബ്ലീഗ് ചെയ്തു. ഖാദിയാനിൽ അദ്ദേഹം സത്യം അന്വേഷിച്ച് പോയിരുന്നു. ഖാദിയാനിൽ അമീർ സാഹിബിനെ ഇദ്ദേഹം കൂടെ കൊണ്ടുപോയി തബ്ലീഗ് ചെയ്തു.

ഇദ്ദേഹത്തിന് ഖലീഫമാരുടെ വിവർത്തകനായി എപ്പോഴും സേവനം ചെയ്യാൻ സാധിച്ചിട്ടുണ്ട്. ഭക്തനും സ്വാത്തികനും സൽഗുണസമ്പന്നനുമായ വ്യക്തിയായിരുന്നു. അല്ലാഹുവിലുള്ള തവക്കുൽ വളരെ കൂടുതലായിരുന്നു. ഇദ്ദേഹം പിന്നീട് വന്നതാണെങ്കിലും തവക്കുലിലും ഈമാനിലും ദൃഢജ്ഞാനത്തിലും ആത്മാർത്ഥതയിലും സ്നേഹത്തിലും മറ്റുള്ളവരെക്കാളും മുൻകടക്കുകയുണ്ടായി. അഹ്മദിയ്യാ ഖിലാഫത്തിനോട് പ്രത്യേക ഇശ്ക്കായിരുന്നു. ആത്മാർത്ഥ ബന്ധമായിരുന്നു. ഒരു കാര്യത്തിലും അൽപം പോലും അഭിപ്രായഭിന്നത ഉണ്ടായിരുന്നില്ല. എം.ടി.എ യിൽ ഖലീഫയുടെ ഖുത്വുബ വരുമ്പോൾ കുട്ടികളോട് മിണ്ടാതിരുന്ന് ഖുത്ബ കേൾക്കാൻ പറയുകയും സ്വയം കേൾക്കുകയും ചെയ്തിരുന്നു. നമസ്ക്കാരത്തിൽ പൂർണ്ണമായും ലയിച്ചുകൊണ്ട് നമസ്ക്കരിച്ചിരുന്നു. തഹജ്ജുദ് നമസ്ക്കരിക്കും. നഫലുകൾ അനുഷ്ഠിക്കും.

ഞാൻ ഒരു കാര്യം ഓർക്കുകയാണ്. കഴിഞ്ഞ വർഷം ഞാൻ ജർമ്മനിയിൽ ഒരു ദിവസത്തേക്ക് ശൂറാ വിളിച്ചിരുന്നു. അവിടെ ജർമ്മൻ ഭാഷയിൽ ഒരു മാഗസിൻ പ്രസിദ്ധീകരിച്ചിരുന്നു. ജമാഅത്ത് തന്നെയാണ് പ്രസിദ്ധീകരിച്ചത്. അതിലുള്ള വിഷയങ്ങളിൽ ചിലതിൽ ജമാഅത്തിലുള്ള ചിലർക്ക് എതിരഭിപ്രായമുണ്ടായിരുന്നു. അതിനെക്കുറിച്ച് ചർച്ച നടന്നപ്പോൾ അവരുടെ എതിരഭിപ്രായങ്ങൾ ശരിയായാണ് എനിക്ക് തോന്നിയത്. ഹിദായത്തുല്ലാഹ് സാഹിബിന് ആ മാഗസിനിൽ വലിയ പങ്കുണ്ടായിരുന്നു. അദ്ദേഹത്തിന്റെയും അദ്ദേഹത്തിന്റെ മക്കളുടേയും ചില ലേഖനങ്ങളും അതിൽ ഉണ്ടായിരുന്നു. മറ്റുള്ളവർ ഈ മാഗസിനെ പിൻതാങ്ങിക്കൊണ്ട് അതിലെ വിഷയങ്ങൾ ശരിയാണെന്ന് പറഞ്ഞ് നീതീകരിക്കാൻ ശ്രമിച്ചെങ്കിലും ഹിദായത്തുല്ലാഹ് സാഹിബ് എഴുന്നേറ്റ് നിന്നു കൊണ്ട് പറഞ്ഞത്, ഇവിടെ താങ്കൾ ചൂണ്ടിക്കാണിച്ച തെറ്റുകൾ തെറ്റു തന്നെയാണ്. അതിന് ഞാൻ മാപ്പു ചോദിക്കുന്നു. ഇതിനെക്കുറിച്ച് പഠനവിധേയമാക്കണം എന്നതുതന്നെയാണ് എന്റെ അഭിപ്രായം. ഒരു വിധ വ്യാഖ്യാനവും നൽകാതെ ഒരു വിശദീകരണവും നൽകാതെ നേരിട്ട് തെറ്റ് സമ്മതിക്കുകയാണ് ചെയ്തത്. തെറ്റു പറ്റിപ്പോയി, ക്ഷമാപണം നടത്തുന്നു എന്നാണ് പറഞ്ഞത്. ഈ ഒരാത്മാവാണ് അദ്ദേഹത്തിലുണ്ടായിരുന്നത്. ഒരു പ്രാവശ്യം ഞാൻ അവിടെ പെരുന്നാളോഘോഷിച്ചപ്പോൾ എന്നെ അദ്ദേഹത്തിന്റെ വീട്ടിൽ നിർബന്ധിച്ച് ക്ഷണിച്ചു. വീട്ടിലെ ഓരോ റൂമും എനിക്ക് കാണിച്ച് തന്നു. ലൈബ്രറി കാണിച്ചു തന്നു. വീട്ടുകാരെല്ലാം സന്തോഷത്തിലായിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ സന്തോഷം ഒന്ന് കാണേണ്ടതു തന്നെയായിരുന്നു. അത് മറ്റുള്ളവരിൽ നിന്നും വ്യതിരിക്തമാക്കുന്നുണ്ടായിരുന്നു.

ദീനീസേവനത്തിന് അല്ലാഹു വളരെയധികം തൗഫീഖ് നൽകിയിട്ടുണ്ട്. ജർമ്മൻ ഭാഷയിൽ ഇസ്ലാമിനെ പ്രതിരോധിച്ചുകൊണ്ട് വിവിധ ഗ്രന്ഥങ്ങൾ അദ്ദേഹം രചിച്ചിട്ടുണ്ട്. മീഡിയയുമായി നല്ല ബന്ധമായിരുന്നു. മീഡിയായിൽ പോയി അന്യരുമായി ചോദ്യോത്തരസദസ്സുകൾ ചെയ്തിരുന്നു. പ്രസ് സെക്രട്ടറി എന്ന നിലക്ക് ദീർഘകാലം സേവനമനുഷ്ഠിക്കാൻ ഇദ്ദേഹത്തിന് ഭാഗ്യം ലഭിച്ചിട്ടുണ്ട്. പണ്ഢിതനും ധൈഷണിക വ്യക്തിത്വവുമായിരുന്നു. ഒരു വിശ്വാസിയിൽ ഉണ്ടായിരിക്കേണ്ട എല്ലാ ഗുണങ്ങളും അദ്ദേഹത്തിൽ സമ്മേളിച്ചിരുന്നു. എം.ടി.എ. ജർമ്മനിയുടെ സജീവ പ്രവർത്തകനായിരുന്നു. ജർമ്മൻ പ്രോഗ്രാമുകളുടെ ജീവനായിട്ടാണ് ഇദ്ദേഹത്തെ മനസ്സിലാക്കിയിരുന്നത്. ജർമ്മൻ ഭാഷയിലുള്ള തബ്ലീഗ്, തർബിയ്യത്ത് വിഷയത്തിൽ ഒരു ബൃഹത്തായ ഗ്രന്ഥ ശേഖരം തന്നെ അദ്ദേഹം വിട്ടേച്ച് പോയിട്ടുണ്ട്. ജർമ്മൻ പത്രങ്ങളിലും ദൃശ്യമാധ്യമങ്ങളിലും ഇസ്ലാമിനെയും അഹ്മദിയ്യത്തിനെയും വളരെ നല്ല രീതിയിൽ അദ്ദേഹം സമർപ്പിക്കുകയുണ്ടായി. ജർമ്മൻ ഭാഷയോടൊപ്പം ഇംഗ്ലീഷ് ഭാഷയിലും നൈപുണ്യമുള്ള വ്യക്തിയായിരുന്നു. ജർമ്മൻ ഭാഷയിലും ഇംഗ്ലീഷിലും പദ്യങ്ങൾ എഴുതാറുണ്ട്. ഇക്കാലത്ത് ജാമിആ അഹ്മദിയ്യായിൽ ജർമ്മൻ ഭാഷ പഠിപ്പിച്ചു കൊണ്ടിരിക്കുകയായിരുന്നു. കഠിനാധ്വാനത്തോടെ ഈ ഡ്യൂട്ടി ചെയ്തുകൊണ്ടിരിക്കുകയായിരുന്നു. കവിയായിരുന്നു. ഇദ്ദേഹത്തിന്റെ കവിതാ സമാഹാരം പ്രസിദ്ധീകരിച്ചിട്ടുണ്ട്. വിശുദ്ധ ഖുർആനോട് പ്രത്യേക സ്നേഹമായിരുന്നു. അല്ലാഹുവിന്റെ അസ്ഥിത്വത്തിൽ അസാമാന്യ വിശ്വാസമായിരുന്നു. എന്തുപ്രയാസം വന്നാലും മറുപടി ഒന്നായിരുന്നു. ദുആ ചെയ്യുക. അഞ്ചു നേര നമസ്കാരത്തോടൊപ്പം. തഹജ്ജുദും നമസ്ക്കരിച്ചിരുന്നു. ധനത്യാഗ രംഗത്തും വളരെ ശ്രമിച്ചിരുന്നു.

മകൾ എഴുതുന്നു. എന്തുതന്നെ പ്രശ്നം നേരിട്ടാലും അദ്ദേഹം ആദ്യം പറയാറുള്ളത് ,നിങ്ങൾഹുസൂറിന്ന് ദുആക്ക് കത്തയക്കുക. എന്നിട്ട് ദുആയിൽ മുഴുകുക. ഇതിനെല്ലാം പരിഹാരം ഇതു മാത്രമാണ്.

ഇദ്ദേഹത്തിന്റെ സാഹിത്യങ്ങൾ ജമാഅത്തിന് പുറത്ത് പ്രസിദ്ധീകരിച്ചത് ഇവയാണ്. ജർമ്മൻ ഭാഷയിൽ തിരുനബി ﷺ യുടെ അധ്യാപനങ്ങളുടെ രണ്ട് എഡിഷനുകൾ, ഇസ്ലാമിനെക്കുറിച്ച് 99 ചോദ്യങ്ങളും അതിന് മറുപടിയും പല ഭാഷകളിലും ഇത് വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. ഇസ്ലാമിൽ സ്ത്രീകൾക്കുള്ള സ്ഥാനം (ഇത് ചില ചോദ്യങ്ങലും അതിനുള്ള മറുപടിയുമാണ്) ഇസ്ലാമിൽ സ്വർഗനരകത്തിന്റെ കാഴ്ചപ്പാട് തുടങ്ങിയ 12 ലധികം ഗ്രന്ഥങ്ങൾ ജമാഅത്തിന്ന് പുറത്ത് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ജമാഅത്ത് തലത്തിൽ പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ 4 എണ്ണമാണ്. ഖാദിയാൻ ദാറുൽ അമാൻ, ഇസ്ലാമിൽ സ്ത്രീകളുടെ അവസ്ഥ, പദ്യങ്ങളുടെ സമാഹാരം തുടങ്ങിയവ. ജമാഅത്തിന്റെ മാഗസിനുകളിൽ സ്ഥിരമായി ഇദ്ദേഹത്തിന്റെ ലേഖനങ്ങൾ പ്രസിദ്ധീകരിക്കാറുണ്ടായിരുന്നു.

വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട നോട്ടീസുകളുടെ എണ്ണം 120 ആണ്. ടി.വി. പ്രോഗ്രാമുകളിലും ടോക് ഷോകളിലും ഇദ്ദേഹം പങ്കെടുത്തിരുന്നു. ഇസ്‌ലാം എത്രമാത്രം ഭീകരമാണെന്ന് കാണിക്കുന്ന പ്രസിദ്ധ യഹൂദിയുടെ ഒരു പ്രോഗ്രാം ജർമ്മൻ ഭാഷയിൽ ടി.വി.യിൽ വന്നിരുന്നു. അതിന്നെതിരിൽ ഇസ്‌ലാമിനെ സംരക്ഷിച്ചുകൊണ്ട് അദ്ദേഹം പ്രോഗ്രാമുകളിൽ പങ്കെടുത്തിരുന്നു. ഇസ്‌ലാം സ്വീകരിക്കുന്നവർ ഭീകരവാദികളാണോ എന്ന ഒരു ടോക് ഷോയും ഇദ്ദേഹം നടത്തിയിരുന്നു. ഇതിലും ഇസ്‌ലാമിന്റെ അധ്യാപനം നല്ല നിലയിൽ സമർപ്പിച്ചു. എത്രയോ ടി.വി. പ്രോഗ്രാമുകൾ അദ്ദേഹത്തിന്റെതായുണ്ട്. ദേശീയ, അന്തർദേശീയ തലത്തിലുള്ള രാഷ്ട്രീയ നേതാക്കളുമായും സാഹിത്യകാരുമായും പത്രപ്രതിനിധികളുമായും പ്രസിദ്ധീകരണക്കാരുമായും എല്ലാം നല്ല ബന്ധമായിരുന്നു. ജർമ്മനിയിലെ പ്രസിദ്ധ ദിന പത്രങ്ങളിൽ ഇദ്ദേഹത്തിന്റെ ലേഖനങ്ങൾ പ്രസിദ്ധീകരിക്കപ്പെട്ടിരുന്നു.

ഇദ്ദേഹത്തിന്റെ വഫാത്തിൽ ജർമ്മനിയിലെ 16 പത്രങ്ങൾ വാർത്ത നൽകിയിട്ടുണ്ട്. ഇതിൽ പ്രസിദ്ധ പത്രങ്ങൾ ഉൾപ്പെടും. മുസ്‌ലിമാകുന്ന പ്രസിദ്ധ വ്യക്തിത്വങ്ങളിലൊരാളായാണ് അദ്ദേഹത്തെ വിശേഷിപ്പിച്ചിരുന്നത്. ഏസൽ ശൂബയിൽ മന്ത്രി അദ്ദേഹത്തെക്കുറിച്ച് പറഞ്ഞത് ഇസ്‌ലാം സ്വീകരിക്കുന്ന പ്രഗത്ഭ വ്യക്തിത്വങ്ങളിലൊരാളാണിദ്ദേഹം എന്നാണ്. ഫ്രെഞ്ച്ഫെണ്ട് ന്യൂസ് എഴുതിയത് അദ്ദേഹം കവിയും മുബല്ലിഗും ആണെന്നാണ്. സാഹിത്യ നോബൽ ജേതാവ് ഗ്രാന്റർ ഗ്രാസ് 1960 ലെ ഉന്നത എഴുത്തുകാരിലാണ് ഇദ്ദേഹത്തെ ഉൾപ്പെടുത്തിയത്.

അദ്ദേഹം എഴുതിയ അവസാന പദ്യത്തിൽ തിരുനബി ﷺ ന് നന്ദി രേഖപ്പെടുത്തുകയാണ്. തിരുനബി ﷺ മുഖേന എനിക്ക് ഈ പവിത്ര ദീൻ സ്വീകരിക്കുവാനുള്ള തൗഫീഖ് ലഭിച്ചിരിക്കുന്നു. സിറാത്തെ മുസ്തഖീനിൽ ചരിക്കാനുള്ള സൗഭാഗ്യം ലഭിക്കുകയും ചെയ്തിരിക്കുന്നു. അതിന് സവിനയം തിരുദൂതർക്ക് കൃതജ്ഞത പ്രകടിപ്പിക്കുന്നു. *അല്ലാഹുതആല ഇദ്ദേഹത്തിന്റെ പദവികൾ ഉയർത്തുമാറാകട്ടെ. ഒരു ഭാര്യയും എട്ട് കുട്ടികളുമാണുള്ളത്. അല്ലാഹു ഇവരുടെ സംരക്ഷകനാകട്ടെ. തന്റെ സംരക്ഷണത്തിൽ എപ്പോഴും നിർത്തട്ടെ. ഇദ്ദേഹത്തിന്റെ മക്കൾക്കും ഇദ്ദേഹത്തെ അനുപദം അനുഗമിക്കാൻ അല്ലാഹു തൗഫീഖ് നൽകുമാറാകട്ടെ. ജമാഅത്തിൻ സേവനം ചെയ്യുന്ന ഒരു മകളുണ്ട്. മക്കൾക്കെല്ലാവർക്കും ഇദ്ദേഹത്തിന്റെ ആഗ്രഹപ്രകാരം ജമാഅത്തിന്റെ സേവകരായിത്തീരാൻ സാധിക്കുമാറാകട്ടെ. ഇദ്ദേഹം ജമാഅത്തിനോടും ഖിലാഫത്തിനോടും പുലർത്തിയ ആത്മാർത്ഥ ബന്ധം ഇദ്ദേഹത്തിന്റെ മക്കൾക്കും നിലനിറുത്താൻ കഴിയുമാറാകട്ടെ.*

ജർമ്മനിയിലെ യുവതലമുറയോട് എനിക്ക് പറയാനുള്ളത് ഇദ്ദേഹം ജർമ്മൻ ആയിരുന്നിട്ടുകൂടി അഹ്മദീ മുസൽമാൻ ചെയ്യേണ്ട കടമകൾ ഇദ്ദേഹം ചെയ്തു കാണിച്ചു. നിങ്ങളും ഇദ്ദേഹത്തെ പിൻപറ്റാൻ ശ്രമിക്കുക. ജർമ്മനിയിലും യൂറോപ്പിൽ എവിടെയെല്ലാം ഇസ്‌ലാമിനുവേണ്ടി ശബ്ദം ഉയർത്തേണ്ട ആവശ്യമുണ്ടോ അവിടെയെല്ലാം ഇസ്‌ലാമിന്റെ സഹായികളായിത്തീരാൻ അറിവ് കരസ്ഥമാക്കുകയും അത് വിവരിക്കുകയും ചെയ്യുക. ഇസ്‌ലാമിനെ പ്രതിരോധിക്കുക മാത്രമല്ല അതിന്റെ മനോഹരമായ അധ്യാപനങ്ങൾ വിവരിച്ചുകൊണ്ട് ഇസ്‌ലാമിന്റെ മേന്മ മറ്റു മതങ്ങളുടെ മേൽ സ്ഥാപിക്കുകയും ചെയ്യുക.

ഇവിടെ ഒരു വിശദീകരണം നൽകാൻകൂടി ഞാൻ ആഗ്രഹിക്കുന്നു. ഹിദായത്തുല്ലാഹ് സാഹിബ് പല ഗുണങ്ങളുടെയും ഉടമസ്ഥനാണെന്നതിൽ സംശയമില്ല. എന്നാൽ ചിലർ ചിലരുടെ സ്ഥാനം മറ്റുരീതിയിൽ വിവരിച്ചുകൊണ്ട് ചിലരിൽ ചില സന്ദേഹങ്ങൾ ഉണ്ടാക്കാൻ കാരണമാകുന്നു. ചൊവ്വാഴ്ച ഉണ്ടായ സൂര്യഗ്രഹണത്തിന്റെ സമയവും ഇദ്ദേഹത്തിന്റെ മരണ സമയവും ഒന്നായതുകൊണ്ട് ഇത് രണ്ടും തമ്മിൽ വല്ല ബന്ധവുമുണ്ടോ എന്ന് ചിലർ സംശയം പ്രകടിപ്പിക്കുകയുണ്ടായി. ഇസ്‌ലാമിൽ ഇങ്ങനെയുള്ള കാര്യങ്ങൾക്ക് ഒരു സ്ഥാനവുമില്ലെന്ന് ഓർക്കണം.

ഒരു ഹദീസിൽ വരുന്നു. ഹദ്‌റത്ത് മുഗീറാബിൻ ശൂബ റിവായത്ത് ചെയ്യുന്നു. റസൂലുല്ലാഹി ﷺ യുടെ കാലത്ത് തിരുനബിയുടെ മകൻ ഇബ്‌റാഹീമിന്റെ വഫാത്ത് സമയത്ത് സൂര്യന് ഗ്രഹണമുണ്ടായി. പലരും അപ്പോൾ പറഞ്ഞത് ഇബ്‌റാഹീമിന്റെ മരണം കാരണമാണ് സൂര്യന് ഗ്രഹണമുണ്ടായത് എന്നാണ്. അപ്പോൾ റസൂൽ ﷺ പറഞ്ഞു. സൂര്യനും ചന്ദ്രനും ആരുടേയോ മരണം കൊണ്ടൊ ജനനം കൊണ്ടൊ ഗ്രഹണം ബാധിക്കാറില്ല. ഗ്രഹണം കാണുമ്പോൾ നമസ്ക്കരിക്കുക. ദുആ ചെയ്യുക.ഇതാണ് നിങ്ങളുടെ ജോലി.

അതുകൊണ്ട് ഗ്രഹണം കണ്ടാൽ തിരുനബി ﷺ പറഞ്ഞ ഈ രീതിയാണ് നാം അവലംബിക്കേണ്ടത്. ഗ്രഹണ നമസ്ക്കാരം നാം നമസ്ക്കരിക്കുക. ലോകത്ത് പലരും അന്ന് ജനിക്കുകയും മരിക്കുകയും ചെയ്യുന്നുണ്ടാകും. അങ്ങിനെയാണെങ്കിൽ ഓരോരുത്തരും ഓരോരുത്തർക്കും ഏതെങ്കിലും സ്ഥാനം നൽകിയിരിക്കും. അതുകൊണ്ട് അവരുടെ അടുത്ത ബന്ധുക്കളും കൂട്ടുകാരും പറയും ഇവരുടെ മരണംകൊണ്ടാണ് ഗ്രഹണം സംഭവിച്ചതെന്ന്. ഇതുകാരണം തെറ്റായ ബിദ്അത്തുകൾ ജന്മമെടുക്കും. അതുകൊണ്ട് അഹ്മദികൾ ഇതിൽ നിന്നെല്ലാം വിട്ടുനിൽക്കേണ്ടതാണ്. അല്ലാഹുവും റസൂലും പറഞ്ഞത് മാത്രം ചെയ്യുക.

ദുആക്കുള്ള ഒരപേക്ഷകൂടി നടത്തുകയാണ്. ഇന്നലെ മർദാനിൽ അഹ്മദിയ്യത്തിന്റെ എതിരാളികൾ നമ്മുടെ ചില അഹ്മദി സുഹൃത്തുക്കൾക്ക് നേരെ നിറ ഒഴിച്ചു. അതുകാരണം നമ്മുടെ ഒരു യുവാവ് മിയാം വജീം അഹ്മദ് നുഅ്മാന് വെടിയേറ്റു. ഇദ്ദേഹം മിയാൻ ബശീർ അഹ്മദ് സാഹിബ് മർദാന്റെ മകനാണ്. 25 വയസ്സാണ്. ഹോസ്പിറ്റലിൽ ചികിത്സയിലാണ്. *അല്ലാഹു അദ്ദേഹത്തിന് ശിഫാ നൽകുമാറാകട്ടെ. ശത്രുക്കളെ അവരുടെ നാശത്തിൽ എത്തിക്കട്ടെ.*

**HADHRAT MIRZA MASROOR AHMAD**
**KHALIFATUL MASIH - V**
**on 07 - 01 - 2011 at London**

**വിവർത്തനം**
എം. നാസിർ അഹ്മദ് കൊടിയത്തൂർ
മുബല്ലിഗ് എറണാകുളം, **PHONE : 9497343704**

Page Layout & Type Set: Majlis Khuddamul Ahmadiyya, Kozhikode Published by : **Majlis Khuddamul Ahmadiyya, Kerala**